2018
ഫെബ്രുവരി 25
വാല്യം 11
ലക്കം 04

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 08

# സുവിശേഷകൻ യാത്രയായി

● പ്രകാശ് പി. കോശി



**കോ**ടിക്കണക്കിന് ജനങ്ങളോട് സുവിശേഷം പ്രസംഗിച്ച് സുവിശേഷത്തെ അക്ഷരാർത്ഥത്തിൽ ജനകീകരിച്ച ബില്ലിഗ്രഹാമിനെപ്പോലെ മറ്റൊരു സുവിശേഷകൻ ചരിത്രത്തിൽ ഇല്ല. സുവിശേഷസത്യത്തിന്റെ ലാളിത്യവും സത്തയും വിവാദങ്ങളില്ലാതെ ലോകത്തിന്റെ അറ്റത്തോളം പ്രസംഗിക്കാൻ ധൈര്യം കാണിച്ച ബില്ലിഗ്രഹാം മഹാനിയോഗത്തിന്റെ ശക്തനായ വക്താവായിരുന്നു. സുവിശേഷസത്യത്തെ സാർവ്വത്രികമാക്കാൻ തന്നോളം മറ്റൊരു മിഷനറിക്കും കഴിഞ്ഞിട്ടില്ല.

അതുകൊണ്ട് തന്നെയാണ് സുവിശേഷത്തിന്റെ വാതിൽ അടയപ്പെട്ട വടക്കൻ കൊറിയയിൽവരെ കർത്താവിന്റെ സന്ദേശം എത്തിക്കാൻ ബില്ലിഗ്രഹാം പോയത്. വടക്കൻ കൊറിയയുടെ സർവ്വാധിപതിയായ കിം സങിന്റെ ക്ഷണപ്രകാരം ആണ് അദ്ദേഹം അവിടെ പ്രസംഗിച്ചത്. സുവിശേഷം പ്രസംഗിക്കാൻ സഭയുടെ അതിർ വരമ്പുകൾ ബില്ലിഗ്രഹാമിന് ഒരു തടസ്സമായിരുന്നില്ല. സുവിശേഷത്തെ ദൈവശാസ്ത്ര സംബന്ധമായ തർക്കവിഷയങ്ങളിൽ നിന്ന് മോചിപ്പിച്ച് സാർവ്വലൗകികമാക്കാൻ ബില്ലിഗ്രഹാമിന് കഴിഞ്ഞു. തന്റെ കുടുംബ പശ്ചാത്തലം വച്ച് നോക്കുമ്പോൾ യാഥാസ്ഥിതിക പാത പിൻതുടരേണ്ട വ്യക്തിയായിരുന്നു ബില്ലിഗ്രഹാം. എന്നാൽ താൻ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗം തിരഞ്ഞെടുത്തു. അതുകൊണ്ട് തന്നെ അദ്ദേഹം 1957-ൽ ഇങ്ങനെ പറഞ്ഞു "ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാൻ എവിടെ പോകാനും ആരാലും ശുപാർശ ചെയ്യപ്പെടാനും ഞാൻ തയ്യാറാണ്".

"ബില്ലിഗ്രഹാം പോപ്പുമാരുടെയും പ്രസിഡന്റുമാരുടെയും രാജ്ഞിമാരുടെയും ഏകാധിപതികളുടെയും സുഹൃത്തും മനസാക്ഷി സൂക്ഷിപ്പുകാരനും ആയി. തന്റെ എൺപതുകളിലും യുവത്വത്തിന്റെ ചാരുതയും ജനങ്ങളോട് സംവാദിക്കാനുള്ള അപാര കഴിവും താൻ പ്രദർശിപ്പിച്ചിരുന്നു" കൊളമ്പിയ യൂണിവേഴ്സിറ്റിയിലെ ചരിത്രകാരൻ റന്റാൾ ബാൾമർ പറഞ്ഞു.

എന്നിരുന്നാലും തന്റെ സന്ദേശത്തിൽ വെള്ളം ചേർക്കാൻ ബില്ലിഗ്രഹാം തയ്യാറായില്ല. തന്റെ ശുശ്രൂഷയുടെ തുടക്കം മുതൽ 2005-ലെ അവസാനത്തെ ക്രൂസേഡിൽ വരെ ബൈബിളിനെ ഉയർത്താനും മനുഷ്യരാശിയുടെ എല്ലാ പ്രശ്നങ്ങളുടേയും ഏക ഉത്തരം യേശുക്രിസ്തുവാണെന്ന് പ്രഖ്യാപിക്കാനും ബില്ലിഗ്രഹാം യാതൊരു മടിയും കാണിച്ചില്ല.

ജനറൽ ഐസാനോവർ മുതൽ ജോർജ് ഡബ്ല്യൂ ബുഷ് വരെയുള്ള അമേരിക്കൻ പ്രസിഡന്റുമാരുടെ ആത്മീക ഗുരുവായിരുന്നു ബില്ലിഗ്രഹാം. അതിൽ ജോർജ് ബുഷിനെ ആത്മീക സത്യത്തിലേക്ക് നയിക്കാൻ ബില്ലിഗ്രഹാമിന് കഴിഞ്ഞു. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു "ഇവരൊക്കെ പ്രസിഡന്റുമാരാകുന്നതിന് അനേകം വർഷങ്ങൾക്ക് മുമ്പേ എനിക്കവരെ അറിയാം. അവരുടെ വീടുകളിൽ ഞാൻ പലപ്രാവശ്യം പോയിട്ടുണ്ട്. അവരൊക്കെ പ്രസിഡന്റുമാരാകുന്നതുവരെ ഞാൻ അവരെ ആദ്യ പേര് വിളിച്ചു".

പ്രസിഡന്റ് റിച്ചാർഡ് നിക്സന്റെ വലംകൈയായി ബില്ലിഗ്രഹാം അറിയപ്പെട്ടു.

ടൈം മാഗസിന് 2007-ൽ കൊടുത്ത അഭിമുഖത്തിൽ അമേരിക്കൻ പ്രസിഡന്റുമാരെപ്പറ്റി ബില്ലിഗ്രഹാം ഇങ്ങനെ പറഞ്ഞു.

"അവരിൽ ചിലരുടെ വ്യക്തിപരമായ ജീവിതം കഠിന പരിസ്ഥിതിയിൽ ആണ്. എന്നാൽ ഞാൻ അവരെ സ്നേഹിക്കുന്നു. ഞാൻ അവരെ പ്രശംസിക്കുന്നു. എനിക്ക് മനസിലാക്കാവുന്നതിലും അറിയാവുന്നതിലധികം ഭാരങ്ങൾ ഇവർക്കുണ്ടെന്ന് ഞാനറിയുന്നു.

ബില്ലിഗ്രഹാം ഡെമോക്രാറ്റ് പാർട്ടിയുടെ അംഗമാണെന്ന് പറയപ്പെടുന്നു എങ്കിലും റിപ്പബ്ളിക്കൻ പാർട്ടിയിലും തനിക്ക് അനേകം അനുയായികൾ ഉണ്ടായിരുന്നു. സാറാ പാലിനും പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തന്നോട് വ്യക്തിബന്ധം സൂക്ഷിച്ചിരുന്നു. മുൻ പ്രസിഡന്റ് ബറാക് ഒബാമ ബില്ലിഗ്രഹാമിന്റെ നോർത്ത് കരോളിനയിലെ വീട് സന്ദർശിക്കുമായിരുന്നു. തന്റെ മരണ വാർത്ത അറിഞ്ഞ് ഒബാമ ഇങ്ങനെ ടിറ്റ് ചെയ്തു. "അമേരിക്കയിലെ തലമുറകൾക്ക് പ്രത്യാശയും ദിശാബോധവും കൃപയിലൂടെയും ജ്ഞാനത്തിലൂടെയും നൽകിയ ബില്ലിഗ്രഹാം അനേകർക്കുവേണ്ടി പ്രാർത്ഥിച്ച ഒരു വിനയന്വിത സേവകൻ ആയിരുന്നു". വിവിധ മാധ്യമങ്ങളെ വളരെ ക്രിയാത്മകമായി ഉപയോഗിച്ച് സുവിശേഷം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കാൻ ഇദ്ദേഹത്തിന് കഴിഞ്ഞു ടി.വി., റേഡിയോ, സിനിമ, പത്രമാസികകൾ എല്ലാ മാധ്യമങ്ങളേയും ബില്ലിഗ്രഹാം വ്യാപകമായി ഉപയോഗിച്ചു.

ബില്ലിഗ്രഹാമിന്റെ ഏറ്റവും വലിയ വിജയം തന്റെ ആയിരക്കണക്കിന് പ്രസംഗങ്ങളോ ക്രൂസേഡുകളോ അല്ലായിരുന്നു. പ്രസംഗിക്കുന്നത് പ്രാവർത്തികമാക്കുന്ന ഒരു വിശുദ്ധ ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. കറപുരളാത്ത സ്വഭാവത്തിനുടമ. കോടിക്കണക്കിന് ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കാനുള്ള കാരണവും അതാണ്.

1980 കളിൽ അമേരിക്കയിലെ പ്രമുഖ ടെലി-ഇവാഞ്ചലിസ്റ്റുകളുടെ സാമ്രാജ്യം ലൈംഗിക, സാമ്പത്തിക ആരോപണങ്ങളിൽ ചീട്ട് കൊട്ടാരം പോലെ തകർന്നു വീണപ്പോൾ, ജീവിതാന്ത്യം വരെ വിശുദ്ധിക്ക് വേണ്ടി ബില്ലിഗ്രഹാം നിലകൊണ്ടു. തന്റെ ഭാര്യയല്ലാത്ത ഒരു സ്ത്രീയോടും ഒറ്റയ്ക്ക് സമയം ചിലവഴിക്കാൻ പാടില്ല എന്ന തീരുമാനം ബില്ലിഗ്രഹാം പാലിച്ചിരുന്നു. പുരോഗമന വാദികളായ ദൈവശാസ്ത്രജ്ഞന്മാർ അടുത്തകാലത്തും തന്റെ ഈ തീരുമാനത്തെ നിന്ദിച്ചിരുന്നു. എന്നാൽ ബില്ലിഗ്രഹാം ബൈബിൾ നിഷ്കർഷിക്കുന്ന വിശുദ്ധി പാലിച്ചു. തന്റെ പേരും പ്രശസ്തിയും രാഷ്ട്രീയ കാരണങ്ങൾക്ക് വേണ്ടി ബില്ലിഗ്രഹാം ഒരിക്കലും ഉപയോഗിച്ചില്ല.

പാറ്റ് റോബർട്ട്സണും ജെറി ഫാൾവെല്ലും ഒക്കെ രാഷ്ട്രീയത്തിനു പിന്നാലെ പോയപ്പോൾ ബില്ലിഗ്രഹാമിന്റെ നയങ്ങൾ രാഷ്ട്രീയത്തിന് അതീതമായിരുന്നു. 1983-ൽ അമേരിക്കയിലെ പരമോന്നത ബഹുമതിയായ Presidential Medal of Freedom തനിക്ക് ലഭിച്ചു.

ഒരിക്കൽ മുൻ പ്രസിഡന്റ് ബിൽക്ലിന്റൺ ബില്ലിഗ്രഹാമിനെപ്പറ്റി ഇങ്ങനെ പറഞ്ഞു "അദ്ദേഹം ഞങ്ങളോടൊത്ത് ഓവൽ ഓഫീസിലോ വൈറ്റ് ഹൗസിന്റെ മുകളിലെ നിലയിലോ പ്രാർത്ഥിക്കുമ്പോൾ ബില്ലിഗ്രഹാം പ്രാർത്ഥിക്കുന്നത് എനിക്കുവേണ്ടിയാണ്, പ്രസിഡന്റിനുവേണ്ടിയല്ലെന്ന് തോന്നിപ്പോകും".

തന്റെ പ്രാർത്ഥനക്കു മുമ്പിൽ അമേരിക്കൻ പ്രസിഡന്റുവരെ തന്റെ സ്ഥാനം മറന്നുപോകുമായിരുന്നു.

ഇരുപതിലധികം പുസ്തകങ്ങളും എണ്ണമറ്റ ലേഖനങ്ങളും എഴുതിയിട്ടുള്ള ബില്ലിഗ്രഹാമിനെപ്പോലെ ജനങ്ങളെ സ്പർശിച്ച മറ്റൊരു സുവിശേഷകനും ചരിത്രത്തിൽ ഇല്ല. തന്റെ പ്രസംഗം മൂലം രക്ഷിക്കപ്പെട്ട ലക്ഷകണക്കിന് ആത്മാക്കളോടൊപ്പമായിരിക്കും താൻ കർത്താവിൽ നിന്ന് കിരീടം വാങ്ങുന്നത്.

2018 ഫെബ്രുവരി 25
വാല്യം 11
ലക്കം 04
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 08

# പാസ്റ്റർ റ്റി.എസ്.ഏബ്രഹാമിന് ആയിരങ്ങളുടെ യാത്രാമൊഴികൾ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന് പതിനായിരങ്ങളുടെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി. ഫെബ്രുവരി 5–ാം തീയതി നിത്യതയിൽ പ്രവേശിച്ച പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ ഭൗതികശരീരം 11–ാം തീയതി ഞായറാഴ്ച വൈകിട്ട് 4മുതൽ 7.30 വരെ കുമ്പനാട് ഹെബ്രോൻ ചാപ്പലിൽ പൊതുദർശനത്തിനു വച്ചു. അനേക ദൈവദാസി–ദാസന്മാരും വിശ്വാസിസമൂഹവും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക നേതാക്കന്മാർ ഉൾപ്പെടെ ആയിരങ്ങൾ അന്ത്യോപചാരം അർപ്പിച്ചു. കേരളാ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മുൻ മുഖ്യമന്ത്രി, മന്ത്രിമാർ, എം.പിമാർ, എം. എൽ. എ.മാർ, മതമേലധ്യക്ഷന്മാർ എന്നിവർ അനുശോചന വാക്കുകൾ അറിയിച്ചു.



പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ മൃതശരീരം ഹെബ്രോൻപുരത്ത് പൊതുദർശനത്തിന് വെച്ചപ്പോൾ

ഐ.പി.സി.യുടെ സ്ഥാപകരുടെ കാലം മുതൽ പെന്തെക്കോസ്തിന്റെ അഞ്ചു തലമുറകൾക്കൊപ്പം നടന്ന, നേതൃത്വത്തിൽ സ്തുത്യർഹ സേവനം ചെയ്ത ആളായിരുന്നു പാസ്റ്റർ റ്റി.എസ്. ഏബ്രഹാം. ഒരായുസ്സ് മുഴുവൻ കർത്താവിന്റെ വേലയ്ക്കായി നിസ്വാർത്ഥമായി അദ്ദേഹം അദ്ധ്വാനിച്ചു. ഭാരതത്തിലെ പെന്തെക്കോസ്ത് സമൂഹത്തിൽ ഉജ്ജ്വലമായ നേതൃപാടവം കാഴ്ചവെച്ച സമുന്നതനായ നേതാവായിരുന്നു.

13–ാം തീയതി ചൊവ്വ കുമ്പനാട് ഹെബ്രോൻപുരത്ത് നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് കർത്തൃദാസന്മാരായ കെ.വൈ. തോമസ്, കെ. ജെ. ജെയിംസ്, റ്റി.ജെ. ഏബ്രഹാം, ജനറൽ കൗൺസിൽ ഭാരവാഹികൾ, സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും പതിനായിരക്കണക്കിന് ജനങ്ങൾ പങ്കെടുത്തു. പാസ്റ്റർമാരായ കെ. സി. ജോൺ, എം. എസ്. സാമുവേൽ, കെ. എം. ജോസഫ് എന്നിവർ ദൈവവചനം പ്രസംഗിച്ചു. സെമിത്തേരിയിലെ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. വി. വർഗീസ് നേതൃത്വം നൽകി.

## ഐ.പി.സി. മാധ്യമ അസോസിയേഷൻ നിലവിൽ വന്നു

  

**കുമ്പനാട്:** മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും കൂട്ടായ്മയായ ഐ.പി.സി. ഗ്ലോബൽ മീഡിയ അസോസിയേഷൻ നിലവിൽ വന്നു.

ജനുവരി 19ന് കുമ്പനാട് നടന്ന ഗ്ലോബൽ മീറ്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്തു. മുൻ അഡി. ചീഫ് സെക്രട്ടറിയും പ്രശസ്ത എഴുത്തുകാരനുമായ ഡോ. ഡി. ബാബുപോൾ മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ കെ. സി. ജോൺ ഗ്ലോബൽ മീഡിയ അസോസിയേഷന്റെ നയപ്രഖ്യാപനം നടത്തി.

അസോസിയേഷന്റെ മാർഗ്ഗരേഖയും സംഘടനാ സംവിധാനവും പാസ്റ്റർ രാജു ആനിക്കാട് വായിച്ചു. അസോസിയേഷന്റെ ലോഗോ പ്രകാശനം പാസ്റ്റർ കെ. സി. ജോൺ എം. വി. ഫിലിപ്പിന് നല്കി നിർവ്വഹിച്ചു.

മാധ്യ പ്രവർത്തകരായ റവ. റോയ് വാകത്താനം, സഹോദരന്മാരായ സജി പോൾ, ജോയ് താനുവേലിൽ, ടി. എം. മാത്യു, പീറ്റർ മാത്യു വല്യത്ത്, പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, ഡോ. ബഥേൽ ജോൺസൺ, വി. പി. ഫിലിപ്പ്, വിൽസൺ ജോസഫ് എന്നിവർ ആശംസകൾ നേർന്നു.

06

## ഏ. ജി. മലയാളി മീഡിയ അസോസിയേഷൻ

  

**പുനലൂർ:** ലോകമെമ്പാടുമുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗങ്ങളായ മലയാളി എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും സംഗമവേദിയായി അസംബ്ലീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ (അഗ്മ) രൂപീകൃതമായി. ജനുവരി 26–നു പുനലൂർ ഠൗൺ എ.ജി. ചർച്ചിൽ നടന്ന എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും യോഗത്തിൽ വച്ചാണ് മീഡിയ അസോസിയേഷനു രൂപം നൽകിയത്. പാസ്റ്റർ ഡി. കുഞ്ഞുമോന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ.എൻ. റസ്സൽ, ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ പ്രഭാഷണം നടത്തി. ബാബു ജോർജ് പത്തനാപുരം, കെ. മോഹനദാസ്, സജി ചെറിയാൻ, ജോയി മുളയറ, ടി.വി.ജോർജുകുട്ടി, ജോൺസൺ ചാക്കോ, സാജൻ സാമുവേൽ, ജോമോൻ എം. വി. ഷാജി ആലുവിള തുടങ്ങിയവർ തുടർന്നു നടന്ന ചർച്ചയിൽ സംസാരിച്ചു. പാസ്റ്റർ സാം യു. ഇളമ്പൽ സ്വാഗതവും പാസ്റ്റർ പോൾ മാള കൃതജ്ഞതയും പറ

07

## ശാരോൻ റൈറ്റേഴ്സ് ഫോറം

  

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭയിലെ എഴുത്തുകാരുടെ കൂട്ടായ്മ എന്ന ലക്ഷ്യവുമായി ശാരോൻ റൈറ്റേഴ്സ് ഫോറം നിലവിൽ വന്നു.

എഴുത്തുകാരെ ആദരിക്കുക, നവാഗത എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക, സഭാംഗങ്ങൾക്കിടയിൽ വായനാശീലം വളർത്തുക, വേദപുസ്തക ഉപദേശത്തിനുവേണ്ടി നിലകൊള്ളുക തുടങ്ങിയവയാണു പ്രഖ്യാപിത ലക്ഷ്യങ്ങൾ. നവംബർ 14നു ശാരോനിൽ കൂടിയ യോഗത്തിൽ ഭാരവാഹികളായി പാസ്റ്റർമാരായ സാം ടി. മുഖത്തല (ചെയർമാൻ), കോശി ഉമ്മൻ (വൈസ് ചെയർമാൻ), അനീഷ് കൊല്ലംകോട് (സെക്രട്ടറി), ഏബ്രഹാം മന്ദമരുതി (ലിറ്ററേച്ചർ സെക്രട്ടറി), റോബിൻസൺ (മീഡിയ സെക്രട്ടറി), ഫിലിപ്പ് ഏബ്രഹാം (ട്രഷറർ), പ്രസാദ് ഏബ്രഹാം (ജനറൽ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

## സാക്ഷി



അമേരിക്കൻ സ്കൂളിൽ വീണ്ടും വെടിവെയ്പ് – വാർത്ത

*വിനാശ കാലേ വിപരീത ബുദ്ധി*

# ബാപ്റ്റിസ്റ്റുകാർ ഏർപ്പെടുത്തിയ ഊരുവിലക്കിന് മണിപ്പൂർ ഹൈക്കോടതിയുടെ വിമർശനം

**പ്രകാശ് പി. കോശി**

മണിപ്പൂരിൽ ബാപ്റ്റിസ്റ്റുകൾക്ക് ഭൂരിപക്ഷം ഉള്ള ഒരു ഗ്രാമത്തിൽ നാല് കത്തോലിക്കരെ ഊര് വിലക്കിയത് നിയമവിരുദ്ധമായി മണിപ്പൂർ ഹൈക്കോടതി പ്രഖ്യാപിച്ചു. മറ്റ് മതവിശ്വാസികളെ ഗ്രാമത്തിൽ അനുവദിക്കില്ല എന്ന ഗ്രാമസഭയുടെ തീരുമാനപ്രകാരം ആയിരുന്നു നാല് കത്തോലിക്ക വിശ്വാസികളെ ഊര് വിലക്കിയത്. 2009–ലാണ് പരാതികൊടുത്ത നാല് പേർ കത്തോലിക്ക വിശ്വാസം സ്വീകരിച്ചത്. ഇതിനെതിരെ ഭൂരിപക്ഷം വരുന്ന ബാപ്റ്റിസ്റ്റ് ഗ്രാമാംഗങ്ങൾ ഇവർക്ക് വിലക്കേർപ്പെടുത്തി. തുടർന്ന് ഈ നാല് പേർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

“ഇന്ത്യൻ ഭരണഘടന ഉറപ്പാക്കുന്ന അവകാശങ്ങൾക്കെതിരാണ് ഭൂരിപക്ഷം ഏർപ്പെടുത്തിയ ഈ വിലക്ക്. ഇന്ത്യൻ ഭരണഘടന ഓരോ പൗരനും തന്റെ ഇഷ്ടപ്രകാരമുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കാനും പിൻതുടരാനും പ്രചരിപ്പിക്കാനും ഉള്ള അവകാശങ്ങൾ നൽകുന്നു. ലിൻഗാങ്ചിങിലെ ജനങ്ങൾക്ക് ബാപ്റ്റിസ്റ്റ് വിശ്വാസം പിൻതുടരാനും ബാപ്റ്റിസ്റ്റ് ഉപദേശങ്ങളും ആചാരങ്ങളും പാലിക്കാനും ഉള്ള എല്ലാ അവകാശങ്ങളും ഉണ്ട്. എന്നാൽ ഈ അവകാശം മറ്റൊരു വിശ്വാസം പിൻതുടരുന്ന ഒരാളുടെ അവകാശം ഹനിക്കാൻ അനുവാദം നൽകുന്നില്ല” കോടതി അഭിപ്രായപ്പെട്ടു. 1973–ൽ ആണ് മറ്റ് വിശ്വാസങ്ങൾക്ക് ലിൻഗാങ്ചിങിൽ വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം പാസാക്കിയത്. എന്നാൽ ഈ നിയമത്തിന്റെ സാധ്യതയെപ്പറ്റിയോ ഇത് സൃഷ്ടിക്കാൻ പോകുന്ന കോലഹലങ്ങളെപ്പറ്റിയോ ആരും ചിന്തിച്ചില്ല. എന്നാൽ 2009–ൽ ഈ ഗ്രാമത്തിലെ അഞ്ച് കുടുംബങ്ങൾ കത്തോലിക്കാ സഭയിൽ ചേർന്നപ്പോഴാണ് ഭൂരിപക്ഷം അംഗങ്ങൾ ഈ നിയമം അഞ്ച് കുടുംബങ്ങളിൽ അടിച്ചേൽപ്പിച്ചത്.

2017 ഓഗസ്റ്റ് മാസം ഈ കുടുംബത്തിലെ ഒരംഗത്തിന്റെ മൃതദേഹം സംസ്കരിക്കാൻ ഗ്രാമസഭ

06

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFICE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

BOOK REVIEW

# SOUTH ASIA BIBLE COMMENTARY

(http://pneumareview.com/equipping-to-preach-the-bible-an-interview-with-finny-philip/)




John Lathrop: Please give us a brief history of the development of this commentary.

Finny Philip: The South Asia Bible Commentary (SABC) is a project of Langham Partnership International and partners. Langham is the organization founded by the late evangelical scholar, author and leader John Stott. John R. W. Stott (1921-2011), "started Langham in 1969 with the vision that every pastor in every church is equipped to preach the Bible."

The project started in 2008 when a few Langham scholars in India came together for fellowship in Kolkata. The project is led by Brian Wintle (New Testament scholar), three Old Testament theological editors (Drs. Paul Swarup, J.B. Jeyraj, Havilah Dharmraj) and two New Testament theological editors, Dr. Jacob Cherian and myself.

Who are the contributors to this volume and what countries are they from?

Finny Philip: The writers are all South Asian-scholars from India, Pakistan, Nepal, and Sri Lanka contributed to the volume. The commentaries have been written by over ninety scholars. This resource represents the first effort of its kind written by South Asians.

What denominations do the commentators come from?

Finny Philip: Pentecostals, Baptist, Methodist, Brethren, Church of North India, Church of South India, and the rest are evangelicals and charismatics. Of the 92 scholars who contributed to SABC, 18 are Pentecostals including the two New Testament editors.

What are some of the main theological concerns facing the church in South Asia at this time?

Finny Philip: There a lot of issues that the commentary deals with.

To speak to South Asians powerfully and with relevance, the commentary uses local metaphors and imagery and helps its users apply the Bible to the challenges in their culture. In addition to the commentary, more than 100 topics are explored from a biblical perspective, including:

Bribery & Corruption
Caste
Children At Risk
Christian Bhakti (devotion) in South Asia
Death and Life after Death
Human Traf?cking
Jesus in South Asia/ South Asian responses to Christ
Karma and Fatalism
Living as the People of God in South Asia
Mission of God in South Asia
The Finality of Christ
The Holy Spirit in South Asian Spirituality
Violence against Women
Witchcraft and Demons
Yoga, Gurus and God men

Are there any particular features of this commentary that you would like to mention?

Finny Philip:

Need for Education

With little or no training available for many of these grass-root level workers, teaching that doesn't line up with Scripture can spread easily. Despite a lack of pastoral resources, Cherian says there's remarkably easy access to television evangelists, who sometimes preach biblically but many times do not. "Sometimes American evangelistic conglomerates seem to be looking for franchises in the majority world rather than genuine partners. Many seem to want a little outpost here, which further muddles the theological waters. There are also Indian television preachers mimicking Western preachers, who tend to spread a prosperity gospel. …

Addressing Cultural Challenges

Christians in India face unique challenges as they integrate a minority religion into the dominant Hindu culture. "There is a big need for biblically balanced teaching of identity issues. How should Christians present themselves? How should we present our faith? Most of the time, a particular group of Christians maintains their denominational culture. A Methodist church in India, for example, looks very much like a Methodist church in the U.S. Churches often sing Western worship songs that have been translated into the local language, but music is a large part of culture and varies across cultures. Many people feel that the way the gospel is being presented in India is too Western-that we should be Hindu culturally while being disciples of Christ."

But it's not easy deciding which elements are religious and which are merely cultural. Some Yeshubhakta groups (Jesus devotees) prefer to hold a service that may resemble a Hindu religious service, using indigenous music forms and even some Sanskrit, rather than something that looks very much like a Western Christian service. "How do we present the gospel and not make Jesus look like he's a white American? It's a challenge that affects every area of gospel liturgy."

The Relevancy of Scripture in an Indian Context

Most Western Bible study material is naturally geared toward Christians from a Western background. But Cherian is part of a growing group of scholars dedicated to providing resources for Christians in South Asian cultures. They have unique insight into the relevancy of Scripture in this context. "Proverbs are ancient wisdom. India also has traditions of proverbs. In Tamil Nadu, a state in southern India, there was a famous poet, and there are people who follow the teachings of that poet as a religion. So commentators or scholars in south India writing on the book of Proverbs must compare and interact with this poet."

"There are many other passages or biblical themes that have a unique context in India. Millions of Indians go to sacred rivers to wash their sins away, so if you are writing something on baptism, you are going to address how Christian baptism differs from the religious bathing that millions of Hindus do, and how that would relate to them. We cannot let that topic go without saying something about the idea of purity and pollution in Old Testament texts. In the rural areas, some caste groups consider others impure. So discussions of purity and pollution can resonate with people differently."

[From Jessi Strong, "The Gospel in a Diverse Place" Bible Study Magazine (Mar/ Apr 2015).]

This volume will be available in the United States. Please give our readers some more information about this.

Finny Philip: Yes, it will be available from Zondervan to all of the major book distributors.

About the Author: Finny Philip, MA (University of Kerala), BD, MTh (Serampore), PhD (Durham, UK), is Principal of Filadelfia Bible College in Udaipur, India and Mission Director of the Filadelfia Fellowship Church of India. He is also on the Board of Lausanne Movement, Evangelical Fellowship of India (EFI) He is the author of Origins of Pauline Pneumatology: The Eschatological Bestowal of the Spirit upon Gentiles in Judaism and in the Early Development of Paul's Theology (Mohr Siebeck, 2005). He serves also as consulting editors for Journal of Biblical and Pneumatological Research (JBPR), Wipf and Stock, USA and Langham Monograph Series, Langham, UK. He and his wife, Mrs. Glory Philip, and their children, Joanne and Amy, are committed to serving the Lord in North India.

എനിക്കും പറയാനുണ്ട്

# ഐക്യപ്രാർത്ഥന ജേണൽ നിലപാട്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പെന്തെക്കോസ്തിലെ കാരണവർ സ്ഥാനം ഉണ്ടായിരുന്ന പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ ശവസംസ്കാര ശുശ്രൂഷയായിരുന്നല്ലോ കഴിഞ്ഞാഴ്ചയിൽ. അദ്ദേഹത്തിന് യോജിച്ച ഒരു യാത്രയയപ്പായിരുന്നു പെന്തെക്കോസ്ത് സമൂഹം നൽകിയത്. സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും അനേകർ അദ്ദേഹത്തെ യാത്ര അയക്കുവാൻ എത്തി. തീർച്ചയായും കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിന് ഒരു നഷ്ടം തന്നെയാണ് അദ്ദേഹത്തിന്റെ വേർപാട്.

ഏപ്രിൽ 11-ന് തിരുവല്ലയിൽ നടക്കുന്ന ഐക്യപ്രാർത്ഥനയെക്കുറിച്ച് വ്യക്തമായ ചില അഭിപ്രായങ്ങൾ എനിക്കും പറയാനുണ്ട്. മുളക്കുഴയിൽ നടന്ന ആലോചനായോഗത്തിൽ ഇത് സംബന്ധമായി ശക്തമായ എന്റെ നിലപാട് ഞാൻ വ്യക്തമാക്കിയിരുന്നു. ഐക്യസംരംഭങ്ങളെ എന്നും പിന്തുണയ്ക്കുന്നതാണ് എന്റെ നിലപാട്. പെന്തെക്കോസ്ത് ലേബലിൽ ധാരാളം ഐക്യസംഘടനകൾ രൂപം കൊണ്ടിട്ടുണ്ട്. അതിൽ മിക്കതും പെന്തെക്കോസ്തിനെ വിൽക്കുന്നത് തന്നെയാണ്. വ്യക്തിതാല്പര്യങ്ങൾക്കുവേണ്ടി സമാന സ്വഭാവസ്തരുടെ തട്ടിക്കൂട്ട് സംഘങ്ങളാണ് ഒട്ടുമിക്കതും. ഇത്തരം സംഘടനകൾ കാട്ടി രാഷ്ട്രീയമായും മറ്റും മുതലെടുപ്പ് നടത്തുന്നതാണ് കുറേ നാളുകളായി ഇവിടെ കണ്ടുവരുന്നത്. ഐക്യസംഘടനകളുടെ മറവിൽ രാഷ്ട്രീയപാർട്ടികളുമായി ചർച്ച നടത്തുകയും തങ്ങളാണ് പെന്തെക്കോസ്തെന്ന് സ്ഥാപിക്കുവാനുള്ള ശ്രമവുമാണ് കഴിഞ്ഞ കുറേ നാളുകളായി സംഭവിക്കുന്നത്. ഒരേ സമയം തന്നെ മൂന്നുമുന്നണികളുമായും ചർച്ചകൾ നടത്തുകയും വിലപേശുകയും ചെയ്യുന്ന വിരുതന്മാരെ അറിയാം. സ്വതപ്രസ്ഥാനത്തിൽ യാതൊരു സ്വാധീനമില്ലാത്തവരും അംഗീകാരം ഇല്ലാത്തവരും ചില സ്വതന്ത്രന്മാരും ഇത്തരം തട്ടിക്കൂട്ട് സംഘടനകൾക്കൊണ്ട് തങ്ങൾ പെന്തെക്കോസ്തിലെ നേതാക്കന്മാരാണെന്ന് സമൂഹത്തിൽ സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ്. ഇത് അപകടമാണ്. ഇവർ നൽകുന്ന ചിത്രത്തിലൂടെ പെന്തെക്കോസ്ത് ഇതാണ് എന്ന് പൊതുസമൂഹവും രാഷ്ട്രീയക്കാരും ധരിച്ചുപോകുന്നു. ഇത്തരം ഞാഞ്ഞൂൽ സംഘടകൾ പ്രത്യക്ഷപ്പെടുന്നത് പൊതു തെരഞ്ഞെടുപ്പ് കാലത്താണ്. ഒരേ സമയം വിവിധ രാഷ്ട്രീയ കക്ഷികളുടെ കൈയിൽ നിന്ന് കാശ് വാങ്ങുകയും പെന്തെക്കോസ്തുകാരുടെ വോട്ട് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. (ഐ.പി.സി. ഇലക്ഷനിൽ ഒരു സ്ഥാനത്തേക്ക് മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെ കൈയിൽ നിന്നും സെന്ററിന്റെയും മേഖലയുടെയും ഒക്കെ പേര് പറഞ്ഞ് ഒരേപോലെ കാശ് വാങ്ങുന്ന ചില നേതാക്കന്മാരുണ്ട്. അതേ തന്ത്രമാണ് ഇത്തരം സംഘടനക്കാരും സെക്കുലർ രാഷ്ട്രീയക്കാരോട് പയറ്റുന്നത്). പെന്തെക്കോസ്തിന്റെ മുഖ്യധാരയിൽ എത്തുവാൻ യാതൊരു യോഗ്യതയുമില്ലാത്ത ആളുകളാണ് പൊതുസമൂഹത്തിൽ പെന്തെക്കോസ്തിന്റെ വക്താക്കളായി വിലസുന്നത്.

ഇവിടെയാണ് ഔദ്യോഗികമായ ഐക്യതയുടെ പ്രസക്തി. പെന്തെക്കോസ്തിലെ മുഖ്യധാരാപ്രസ്ഥാനങ്ങളും പ്രമുഖ സ്വതന്ത്രസഭകളുമൊക്കെ ചേർന്ന് ഔദ്യോഗികമായി ഒരു കൂട്ടായ്മ (അത് എന്ത് പേരിലായാലും കുഴപ്പമില്ല) ഉണ്ടായാൽ തട്ടിപ്പ് ഐക്യസംഘടനകൾ ഒക്കെ അപ്രസക്തമാകും. മാത്രമല്ല, പെന്തെക്കോസ്ത് സമൂഹത്തിന് ശരിയായ ദിശാബോധം നൽകുവാനും ഈ കൂട്ടായ്മ മുഖാന്തരമാകും. ഓരോ പ്രസ്ഥാനത്തിലെയും ഔദ്യോഗിക ചുമതലക്കാരും പ്രതിനിധികളുമടങ്ങുന്ന ഒരു സമിതി രൂപം കൊള്ളണം. കാലാകാലങ്ങളിൽ ഉപദേശസംബന്ധമായ വിഷയങ്ങളിലും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളിലും ഈ സമൂഹത്തിന്റെ പൊതുനിലപാട് വ്യക്തമാക്കുവാനും പുഴുക്കുത്തുകളെ അകറ്റുവാനും സാധിക്കും. ഇത് പുത്രികാസംഘടനകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. ഒന്നിച്ചുള്ള മുന്നേറ്റം സമൂഹത്തിന് വ്യക്തവും മാന്യവുമായ ഒരു സന്ദേശം ലഭിക്കുവാൻ മുഖാന്തിരം ആകും. ഇതാണ് ഇന്ന് നമ്മുടെ സമൂഹത്തിന് അടിയന്തിര ആവശ്യം. ചിതറികിടക്കുന്ന പെന്തെക്കോസ്തിനെക്കുറിച്ചുള്ള അവമതിപ്പ് ഒരു പരിധിവരെ കുറയ്ക്കുന്നതിന് ഇത്തരം നീക്കം സഹായകമാകും. ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ യോജിക്കേണ്ട മേഖലകളിൽ ഒന്നിച്ച് നിൽക്കേണ്ടവരാണ്. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം ഇത്തരം ഐക്യസംരംഭങ്ങളിൽ മേൽക്കോയ്മ ചെലുത്തുവാനും ആധിപത്യം സ്ഥാപിക്കുവാനും ശ്രമിക്കുവാൻ പാടില്ലായെന്നുള്ളതാണ്. ഏപ്രിൽ 11-ന് നടക്കുന്ന പ്രാർത്ഥനാസമ്മേളനത്തിന്റെ പ്രധാന പോരായ്മയും അതുതന്നെയാണ്. ഐ.പി.സി. പ്രസിഡന്റിന്റെ പേര് മാത്രം ചേർത്ത് അടിച്ച നോട്ടീസും അനുബന്ധക്രമീകരണങ്ങളും ഐക്യ പ്രവർത്തനങ്ങൾക്ക് ഒരിക്കലും ഗുണമായി ഭവിക്കുകയില്ല. പൊതു സമൂഹത്തിൽ ഒന്നിച്ചു നിൽക്കുവാൻ തീരുമാനിക്കുമ്പോൾ എല്ലാ ലീഡേഴ്സിന്റെയും അഭിപ്രായങ്ങൾ ശ്രവിക്കുവാനും അതിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളെ ക്രോഡീകരിച്ച് അഭിപ്രായ സമന്വയത്തിലൂടെ കാര്യങ്ങൾ ക്രമീകരിക്കണം. അത്തരം കാര്യങ്ങളിൽ സംഘാടകർക്ക് വീഴ്ച പറ്റിയിട്ടുണ്ട്. എല്ലാം ഒരു കൂട്ടർ തീരുമാനിക്കുകയും മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുകയും ചെയ്താൽ അത്തരം ശ്രമങ്ങൾ പരാജയപ്പെടുകയേയുള്ളൂ. രണ്ട് പൂച്ചകളുടെ വാലുകൾ കൂട്ടികെട്ടിയാൽ അവിടെ യൂണിയൻ (സംഘാടക ബലം) ഉണ്ടാകാം. എന്നാൽ യൂണിറ്റി (ഐക്യത) ഉണ്ടാകയില്ല എന്നത് പാഠമാകണം.

ഐക്യതയ്ക്കായുള്ള ശ്രമങ്ങൾ നല്ലതാണ് പ്രോത്സാഹനാജനകവുമാണ്. അതുകൊണ്ടുതന്നെ സംഘാടകർ നിലനിൽക്കുന്ന ഐക്യത്തിനായി ആഗ്രഹിക്കുന്നുവെങ്കിൽ ചരിത്രത്തിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും യഥാർത്ഥ ഐക്യത്തിനായി ശ്രമിക്കുകയും വേണം. അല്ല ഈയൊരു സമ്മേളനം വിജയിപ്പിക്കുക മാത്രമാണ് ലക്ഷ്യമെങ്കിൽ ഇതിന്റെയൊന്നും ആവശ്യമില്ല. പെന്തെക്കോസ്തിൽ ഒരു ഐക്യത ഇന്നിന്റെ ആവശ്യമാണ്. അതിനാൽ തന്നെ ഈ സമ്മേളനത്തെയും ശ്രമങ്ങളെയും വിട്ടുവീഴ്ചകളോടെ പിന്തുണയ്ക്കും. ഈ ഐക്യം നിലനിൽക്കട്ടെ.

വേദപഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

### ദൈവത്തിന്റെ മനുഷ്യൻ (1 തിമൊഥെയൊസ് 6:11 – 22)

–തുടർച്ച–

തിമൊഥെയൊസ്



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഒരു ക്രിസ്തീയ വിശ്വാസി കർത്താവിന്റെ കാൽചുവടുകളെ പിൻപറ്റണം. അതാണ് ദൈവവചനത്തിലൂടെ നമുക്ക് മനസ്സിലാകുന്നത്.

പൗലോസ് പറയുന്ന മൂന്നാമത്തെ വിഷയം പൊരുതുക എന്നുള്ളതാണ്. ഒരു വിശ്വാസി ഏതെല്ലാം കാര്യത്തിൽ പൊരുതണം.

1. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക (എബ്രാ.12:1)
2. നിത്യജീവനെ മുറുകെ പിടിച്ചുകൊണ്ട് പൊരുതുക, യോഹ. 17:3
3. ഉപദേശിച്ച് തന്ന പ്രമാണങ്ങൾ മുറുകെ പിടിക്കുക, 2 തെസ്സ. 2:15
4. വിശ്വാസ്യവചനം മുറുകെ പിടിച്ചുകൊണ്ട് പൊരുതുക, തീത്തോസ് 1:9
5. പ്രത്യാശയുടെ ധൈര്യവും പ്രശംസയും മുറുകെ പിടിച്ചുകൊണ്ട് പൊരുതുക, എബ്രാ. 3:6
6. ദൈവം നിന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ട് പൊരുതുക, 1 തിമൊ. 6:19
7. ദൈവത്തിൽ ആശ വച്ചുകൊണ്ട് പൊരുതുക, തീത്തോസ്, 3:7

ക്രൈസ്തവ ജീവിതം പോരാട്ടത്തിന്റെ ജീവിതമാണ്, വിശ്വാസികളെ വ്യതിചലിപ്പിക്കുവാൻ പിശാച് നിരന്തരം പോരാടിക്കൊണ്ടിരിക്കയാണ്, അവന്റെ പൂണിയിലെ ആയുധമായി പോകാതിരിക്കുവാൻ വിശ്വാസികൾ എപ്പോഴും വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവരെ ഉത്സാഹിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ ചിലർ ശ്രമിക്കുന്നതുപോലെ വിശ്വാസികളെ നല്ല പോർ പൊരുതുവാൻ ബലപ്പെടുത്തുകയാണ് ഇവിടെ പൗലോസ് ശ്രമിക്കുന്നത്.

അടുത്തതായി പറയുന്നത് നിത്യജീവനെ പിടിച്ചുകൊൾക, മത്സരത്തിൽ ജയിക്കുന്നവർക്കു പാരിതോഷികങ്ങളും സമ്മാനങ്ങളും ലഭിക്കുന്നതുപോലെ ക്രിസ്തീയ വിശ്വാസത്തിൽ ജയിക്കുന്നവർക്കു നിത്യജീവനെ പ്രാപിക്കാം. ദൈവത്തിന്റെ മനുഷ്യനു ലഭിക്കുന്ന പാരിതോഷികം നിത്യജീവനാണ്. 1 കൊരി. 9:24-25. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന അനുഭവമാണ് നിത്യജീവൻ. അത് വർത്തമാനകാലത്തെ അനുഭവവും ഭാവികാലത്തെ പൂർത്തീകരണവും ആണ്. പോരാട്ടത്തിന്റെ അവസാനത്തിൽ അല്ലെങ്കിൽ അന്ത്യത്തിൽ പ്രാപിക്കുന്ന അനുഭവമാണ് നിത്യജീവൻ അഥവാ അനന്തജീവൻ. അതുകൊണ്ട് നഷ്ടമാകാതെ മുറുകെ പിടിക്കുക എന്ന ആഹ്വാനം നൽകുന്നത്. അപ്പോൾ ഒരു ദൈവമനുഷ്യൻ (ദൈവത്തിന്റെ മനുഷ്യൻ) പ്രാപിക്കേണ്ടത്.

1. വിട്ടോടുക
2. പിന്തുടരുക
3. പൊരുതുക
4. മുറുകെ പിടിക്കുക.

അതിനായി നീ വിളിക്കപ്പെട്ട് അനേകം സാക്ഷികളുടെ മുമ്പാകെ ഏറ്റു പറഞ്ഞ വിശ്വാസം, യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറഞ്ഞ വിശ്വാസത്തിലേക്കാണ് പൗലോസ് തിമൊഥെയൊസിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്, ഏറ്റുപറഞ്ഞു പ്രതിജ്ഞയെടുത്തവനാണ് തിമൊഥെയൊസ്, അങ്ങനെയാണ് പുത്രത്വത്തിന്റെ പദവിയിലേക്ക് അവൻ പ്രവേശിക്കപ്പെട്ടത്. അതുകൊണ്ട് കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനോടു കൂറും സ്നേഹവും ഉണ്ടായിരിക്കണം. മാത്രമല്ല നിഷ്കളങ്കനും നിരപവാദ്യനും ആയിരിക്കണം, ഫലവൃക്ഷങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്നതിനെക്കുറിക്കുന്ന പദങ്ങളത്രെ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ വിശ്വാസവും പ്രത്യാശയും സ്നേഹവും കേടുകൂടാതെ സൂക്ഷിക്കണം എന്നതാണ് ഇവിടെ അർത്ഥമാക്കുന്നത്. കൂടാതെ ക്രിസ്തീയ ഉപദേശങ്ങളും യാതൊരു കേടുംകൂടാതെ സൂക്ഷിക്കുന്നതിൽ വിശ്വാസി പരിശ്രമിക്കണം. കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ ഉണ്ടാകുവാനുള്ള കണക്കു തീർപ്പിലാണല്ലോ ജീവിതത്തിന്റെ എല്ലാ മേഖലയിലും രംഗങ്ങളിലും വിശ്വസ്തത പാലിച്ചിതനെക്കുറിച്ച് അറിയുവാൻ പോകുന്നത്. കൂടാതെ യേശുക്രിസ്തുവിന്റെ സ്വീകാരത്തെക്കുറിച്ച് പ്രസ്താവിക്കുകയാണ്, നല്ല സ്വീകാരം എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്. അത് നല്ല ഏറ്റുപറച്ചിലാണ്. 1 തിമൊഥെയൊസിന്റെ ലേഖനം ആറാം അദ്ധ്യായത്തിൽ നല്ല സ്വീകാരം എന്ന പദപ്രയോഗം രണ്ടുപ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. അനേകം സാക്ഷികളുടെ മുമ്പാകെ നീ നല്ല സ്വീകാരം കഴിച്ചുവല്ലോ എന്ന് പൗലോസ് തിമൊഥെയൊസിനെക്കുറിച്ച് പറയുന്നത് ഒന്നാമതായി പത്രണ്ടാം വാക്യത്തിലാണ്. ശേഷം കർത്താവ് പൊന്തിയോസ് പീലാത്തോസിന്റെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചു എന്നു പറഞ്ഞിരിക്കുന്നതാണ് രണ്ടാമത്തേത്. (വാക്യം14) ദോഷകരമായ മോഹങ്ങളെയും ജഡീക പ്രവർത്തികളെയും ദോഷ വഴികളെയും വിട്ടോടുകയും നീതി, ഭക്തി, വിശ്വാസം, സ്നേഹം. ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുകയും വിശ്വാസത്തിന്റെ നല്ല പോർ പൊരുതുകയും ചെയ്യുന്നവനാണ് നല്ല സ്വീകാരം കഴിച്ചു എന്ന വാക്കുകൾക്കു അർഹൻ എന്നു അപ്പൊസ്തലൻ വ്യക്തമാക്കുകയാണ്. നല്ല സ്വീകാരം കഴിച്ചു എന്നു പറയുമ്പോൾ പരസ്യമായി ഏറ്റുപറയുക, ഏറ്റെടുക്കുക അംഗീകരിക്കുക എന്നീ അർത്ഥങ്ങളാണ് പ്രസ്തുത പദത്തിനുള്ളത്.

നല്ല സ്വീകാരം എന്നു പറയുമ്പോൾ അതിന്റെ മാതൃക, ലക്ഷ്യം, ഭാവിപ്രത്യാശ എന്നിവ ഇവയിൽ അടങ്ങിയിരിക്കുന്നു. ഇതിൽ ഒന്നാമത്തേത് പൊന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ യേശുക്രിസ്തു കഴിച്ച നല്ല സ്വീകാരം എന്നത് നമുക്കു നൽകിയിരിക്കുന്ന മാതൃകയാണ്. ഭരണാധികാരിയുടെ മുമ്പിൽ ജീവൻ മരണപോരാട്ടം കഴിച്ചു നില്ക്കുമ്പോൾ യേശുക്രിസ്തു കഴിച്ചതുപോലെയുള്ള ഏറ്റുപറച്ചിലിൽ അഥവാ സ്വീകാരം കഴിച്ചു നില്ക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും കഴിയണം. മത്തായിയുടെ സുവിശേഷം 27-ാം അദ്ധ്യായത്തിൽ ചില വാക്യങ്ങളിൽ പീലാത്തോസിന്റെ മുമ്പിൽ യേശു എപ്രകാരം സ്വീകാരം കഴിച്ചു എന്നുള്ളതിന്റെ സൂചനയുണ്ട്. നാടുവാഴി യേശുക്രിസ്തുവിനോട് നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന് യേശു അവരോട് ഞാൻ ആകുന്നു എന്നു ഉത്തരം പറഞ്ഞു. ഒരു പക്ഷെ പ്രസ്തുത ചോദ്യത്തിനു മൗനം പാലിച്ചിരുന്നെങ്കിൽ ആകെ താളം തെറ്റുമായിരുന്നു. നീ യഹൂദന്മാരുടെ രാജാവോ എന്ന ചോദ്യത്തിനു ചങ്കുറ്റത്തോടു മറുപടി പറഞ്ഞു. അതു മനോഹരമായ ഒരു ഏറ്റുപറച്ചിലായിരുന്നു. രണ്ടാമതായി ഇതിന്റെ ലക്ഷ്യം അഥവാ നല്ല സ്വീകാരത്തിന്റെ ഉദ്ദേശ്യം

06

അക്ഷരങ്ങളുടെ അത്ഭുതലോകം 11

# അധികാരത്തിന്റെ ദന്തഗോപുരങ്ങളിൽ



ടീയെസ് കപ്പമാംമൂട്ടിൽ

എന്തിനും ഏതിനും സഭാനേതൃത്വത്തെ അതിനിശിതമായി വിമർശിക്കുന്ന അപകടകരമായ പ്രവണത ഇന്ന് നിലവിലുണ്ട്. നേതൃത്വത്തിലിരിക്കുന്നവർ സദുദ്ദേശത്തോടെ നടത്തുന്ന പ്രസ്താവനകളും വചനശുശ്രൂഷക്കിടയിൽ അവതരിപ്പിക്കുന്ന ആശയങ്ങളും വളച്ചൊടിച്ച് അവരെ അവഹേളിക്കുവാനും തേജോവധം ചെയ്യുവാനുമുള്ള ഒരവസരവും ചിലർ ഒരിക്കലും പാഴാക്കാറില്ല.

നേതൃത്വം അലങ്കരിക്കുന്നവർ വിമർശനത്തിന് അതീതരല്ല. എന്നാൽ വിമർശനം ക്രിയാത്മകമായിരിക്കണം. ബഹുവർണ്ണങ്ങളിൽ മാമോദീസാ നടത്തിയെടുത്ത വ്യാജങ്ങളുടെയും ഊതി വീർപ്പിച്ച അർദ്ധസത്യങ്ങളുടെയും വിഷശരങ്ങൾ തൊടുത്തുവിട്ട് നേതൃത്വത്തിലിരിക്കുന്നവരെ മുറിവേൽപ്പിക്കുന്ന പ്രവണത തികച്ചും അപലപനീയമാണ്. അപ്പോൾത്തന്നെ, വീഴ്ചകൾ പരിഹരിക്കുന്നതിനുള്ള സന്മനസ്സു കാണിക്കാതെ അവശ്രദ്ധയിൽപ്പെടുത്തുന്നവർക്കെതിരെ പ്രതികാരബുദ്ധിയോടെ ശക്തമായി പ്രതികരിക്കുന്ന നേതാക്കളും നമ്മുടെയിടയിൽ ഇഷ്ടംപോലെയുണ്ട്. അവർക്കിടയിൽ ദൈവം ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കുവാൻ സ്വാർത്ഥേച്ഛകൾ കൂടാതെ അഹോരാത്രം കഠിനാദ്ധ്വാനം ചെയ്യുന്ന നിസ്വാർത്ഥമതികളായ അഭിഷിക്തന്മാരും നമുക്കുണ്ടെന്ന യാഥാർത്ഥ്യം ആശ്വാസം പകരുന്നതാണ്.

ദശാബ്ദങ്ങൾക്കു മുമ്പ് ദൈവസഭയ്ക്ക് നേതൃത്വം നൽകി മൺമറഞ്ഞ കർത്തൃദാസന്മാരിൽ ബഹുഭൂരിപക്ഷത്തേയും നാമിന്നും ആദരവോടെ സ്മരിക്കുന്നു. എന്നാൽ ആ സ്നേഹവും ആദരവും ഇന്ന് നേതൃത്വത്തിലിരിക്കുന്ന പല ദൈവദാസന്മാരോടും വിശ്വാസികൾക്കില്ല എന്നത് കയ്ക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അതിന് വ്യക്തമായ കാരണങ്ങളുമുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് സഭയുടെ നേതൃത്വമലങ്കരിച്ചിരുന്ന കർത്തൃദാസന്മാരിൽ മിക്കവർക്കുമുണ്ടായിരുന്ന നേതൃത്വ ഗുണങ്ങളിൽ പലതും ഇന്നു നേതൃത്വത്തിലിരിക്കുന്ന പലർക്കുമില്ല എന്നതുതന്നെയാണ് പ്രധാന കാരണം.

ജനാധിപത്യമാർഗ്ഗങ്ങളിലൂടെ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സംവിധാനമാണ് സംസ്ക്കാരസമ്പന്നമായ ആധുനിക ലോകരാജ്യങ്ങളിൽ ഇന്ന് നിലവിലിരിക്കുന്നത്. എന്നാൽ ജനാധിപത്യ സംവിധാനം സഭയുടെ അടിത്തറ പലപ്പോഴും അരക്കിട്ടുറപ്പിക്കുകയല്ല, പ്രത്യുത ശിഥിലമാക്കുകയാണ്. ഇന്ന് സഭയിൽ വേരുറപ്പിച്ചിരിക്കുന്ന തെരഞ്ഞെടുപ്പു സംവിധാനം വിഭാഗീയത ഉടലെടുക്കുവാൻ കാരണമാകുന്നു. ദൈവസഭയിൽ നടന്നു കൊണ്ടിരിക്കുന്ന പാനലുകൾ തിരിഞ്ഞുനിന്നുകൊണ്ടുള്ള വാശിയേറിയ മത്സരങ്ങൾ ദൈവവചനപ്രമാണങ്ങൾക്ക് കടകവിരുദ്ധമാണ്. ശത്രുതയും പകപോക്കലുമൊക്കെയാണ് അതിന്റെ അനന്തരഫലങ്ങൾ. ഒരുമയോടെ കൈകോർത്ത് നില്ക്കേണ്ടവർ തൽഫലമായി പരസ്പരം അകലുന്ന ദുഃഖകരമായ അവസ്ഥ.

അമേരിക്കൻ ഐക്യനാടുകളുടെ 34-ാമത്തെ പ്രസിഡന്റായിരുന്ന ഐസൻഹോവർ ഒരു യഥാർത്ഥ നേതാവിനുണ്ടായിരിക്കേണ്ട യോഗ്യതകൾ പരാമർശിക്കുന്നുണ്ട്. "ഒരു നേതാവിനുണ്ടായിരിക്കേണ്ട ഏറ്റവും നല്ല യോഗ്യത ആർക്കും ചോദ്യം ചെയ്യുവാനാവാത്ത സ്വഭാവദാർഢ്യമാണ്. അനുയായികളിൽ നിന്നും ഏറ്റവും ഫലപ്രദമായ അനുഭാവങ്ങൾ പുറത്തുകൊണ്ടുവരാൻ ശക്തമായ നേതൃത്വത്തിനു കഴിയും. വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അണികൾക്ക് പ്രചോദനമേകുന്നവരാണ് യഥാർത്ഥ നേതാക്കൾ".

തെരഞ്ഞെടുപ്പിലൂടെ വിവിധ സ്ഥാനങ്ങളിൽ എത്തിച്ചേരുന്ന നേതാക്കന്മാരിൽ പലർക്കും സഭയുടെ വളർച്ചയെന്ന ലക്ഷ്യം നഷ്ടപ്പെടുന്നു. വിശ്വാസികളെ ഒരുമിച്ചു നിർത്തി ഐക്യതയോടെ മുമ്പോട്ട് നയിക്കേണ്ട നേതാക്കന്മാരിൽ പലരും സ്വാർത്ഥതാല്പര്യങ്ങൾ മുൻനിർത്തി അവരെ ഭിന്നിപ്പിച്ച് ലാഭം കൊയ്യുന്ന കാഴ്ച പല സ്ഥാനങ്ങളിലും കാണുവാൻ കഴിയും.

ദൈവസഭയുടെ ആത്മീയ വർദ്ധനവിനായും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും ലഭിച്ച ഔദ്യോഗികസ്ഥാനം ഉപയോഗിക്കുന്നതിനു പകരം വ്യക്തിപരമായ നേട്ടങ്ങൾ സ്വന്തമാക്കുവാനാണ് പലരും പ്രയോജനപ്പെടുത്തുന്നത്. സാമ്പത്തികമായ ലാഭങ്ങളും ശുശ്രൂഷയ്ക്കുള്ള അവസരങ്ങളും ഔദ്യോഗിക പദവിയിലൂടെ സ്വന്തമാക്കിയാലും പലരുടെയും അഭിലാഷങ്ങൾ അവസാനിക്കുകയില്ല. ലഭിച്ച ഔദ്യോഗികസ്ഥാനം കൈവിട്ടു പോകാതെ അടുത്ത തെരഞ്ഞെടുപ്പിലും ആ സ്ഥാനം നിലനിർത്തുവാനുള്ള എല്ലാ അടവുകളും പലരും പയറ്റിയിരിക്കും. ഇങ്ങനെയുള്ള നേതാക്കന്മാർ സൈമൺസിനെക്കിന്റെ ഉദ്ധരണി ഉൾക്കൊണ്ടാൽ, അത് ദൈവസഭയ്ക്ക് അനുഗ്രഹമായിരിക്കും.

"അടുത്ത തെരഞ്ഞെടുപ്പിൽ എങ്ങനെ വീണ്ടും ജയിക്കാമെന്നതല്ല, അടുത്ത തലമുറയെ എങ്ങനെ വാർത്തെടുക്കാമെന്ന വിഷയത്തിന് മുൻഗണന നൽകുന്നതാണ് ഒരു ഉത്തമനേതൃത്വം".

ഇന്ന് നേതൃത്വമലങ്കരിക്കുന്ന ചിലർക്ക് അധികാരത്തോട് അദമ്യമായ അഭിനിവേശമാണ്. ഏതെങ്കിലും നിലയിൽ സഭയുടെ ഔദ്യോഗികസ്ഥാനങ്ങളിൽ കയറിപ്പറ്റുന്നവരിൽ ചിലരെങ്കിലും അധികാരത്തിന്റെ ഉന്നതശ്രേണികളിൽ അന്ത്യശ്വാസം വലിക്കുന്നതുവരെ ചുവടുറപ്പിച്ചു നില്ക്കാൻ ആഗ്രഹിക്കുന്നവരാണ്. ഔദ്യോഗിക സ്ഥാനങ്ങളൊന്നുമില്ലാതെയുള്ള ജീവിതമവർക്ക് അചിന്തനീയമാണ്. അങ്ങനെയുള്ളവർ ചരിത്രത്തിലേക്കൊന്ന് പിന്തിരിഞ്ഞു നോക്കിയാൽ അകക്കണ്ണുകൾ പ്രകാശിക്കാതെയിരിക്കുകയില്ല.

18-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ട കലാപകാലത്ത് (American Revolution) കൊളോണിയൽ ശക്തികൾക്ക് കമാൻഡർ ഇൻ ചീഫ് എന്ന നിലയിൽ നേതൃത്വം നൽകാൻ ജോർജ്ജ് വാഷിങ്ടൺ നിയോഗിക്കപ്പെട്ടു. തന്റെ കീഴിലുള്ള സൈന്യത്തിന് പരിമിതികൾ പലതുമുണ്ടായിരുന്നു. പടയാളികളിൽ നല്ലൊരു പങ്കിനും വേണ്ടത്ര പരിശീലനം ലഭിച്ചവരായിരുന്നില്ല. ആഹാരവും ആയുധങ്ങളും തക്കസമയത്ത് അവർക്ക് എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ശക്തമായ നേതൃത്വം വൻശക്തിയായ ബ്രിട്ടനെ ദയനീയമായി പരാജയപ്പെടുത്തുവാൻ തന്റെ സൈന്യത്തിന് പ്രചോദനമേകി. തുടർന്ന് സൈന്യാധിപനെന്ന ഉന്നതമായ ഔദ്യോഗിക പദവി ഉപേക്ഷിച്ച് ഒരു സാധാരണക്കാരനായ കർഷകനായി ജീവിതം തുടരുവാൻ വെർജീനിയയിലുള്ള തന്റെ ഭവനത്തിലേക്ക് അദ്ദേഹം മടങ്ങി.

അമേരിക്കൻ ജനതയുടെ ശക്തമായ സമ്മർദ്ദം കാരണം അദ്ദേഹം 1789-ൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുകയും വൻഭൂരിപക്ഷത്തോടെ അമേരിക്കയുടെ പ്രഥമ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. രണ്ടുപ്രാവശ്യം അമേരിക്കയുടെ പ്രസിഡന്റായി രാജ്യത്തെ നയിച്ച വാഷിങ്ടണിന്റെമേൽ മൂന്നാമതും പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുവാൻ സമ്മർദ്ദമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം വഴങ്ങിയില്ല. സുവർണ്ണസിംഹാസനവും അധികാരത്തിന്റെ ചെങ്കോലുമുപേക്ഷിച്ച് കാർഷിക വൃത്തി തുടരുവാൻ അദ്ദേഹം വെർജീനിയയിലുള്ള തന്റെ ഭവനത്തിലേക്ക് അദ്ദേഹം മടങ്ങി.

പ്രശസ്ത കവിയും സാഹിത്യ വിമർശകനും ആദരണീയനായ അദ്ധ്യാപകനുമായിരുന്നു ഡോ. കെ. അയ്യപ്പപ്പണിക്കർ. കേരളത്തിലെ പ്രശസ്തമായ ഒരു സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദവി വാഗ്ദാനം ചെയ്തപ്പോൾ നന്ദിപൂർവ്വം ആ ഓഫർ നിരസിച്ച അദ്ദേഹം വായനക്കും പഠനത്തിനും രചനക്കുമായി ജീവിതം വേർതിരിക്കുവാനാണ് തീരുമാനിച്ചത്.

അമിതമായ അധികാരഭ്രമവും പദവികളിൽ കടിച്ചുതൂങ്ങിക്കിടക്കുവാനുള്ള വ്യഗ്രതയും വ്യക്തിത്വത്തിന്റെ വൈകല്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

"അനുകൂലമായ കാലങ്ങളിൽ മറ്റുള്ളവരെ മുമ്പിൽ നിർത്തിക്കൊണ്ട് പിമ്പിൽ നിന്ന് നയിക്കുന്നതാണ് (ഒരു യഥാർത്ഥ നേതാവിന്) അഭികാമ്യം. ദുർഘടമായ സന്ദർഭങ്ങൾ വരുമ്പോൾ മാത്രം നിങ്ങൾ മുമ്പിൽ നിന്ന് നയിക്കുക. അപ്പോഴാണ് നിങ്ങളുടെ നേതൃത്വത്തെ മറ്റുള്ളവർ അഭിനന്ദിക്കുന്നത്".

ദൈവസഭയുടെ ഔദ്യോഗിക സ്ഥാനങ്ങൾ അലങ്കരിക്കുന്ന കർത്തൃദാസന്മാർ നെൽസൺമണ്ടേലയുടെ ഈ ഉദ്ധരണിയുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നത് അനുഗ്രഹമായിരിക്കും.

ലേഖനം

# ലോക വിപണി എതിർക്രിസ്തുവിന്റെ കരങ്ങളിൽ



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305

ലോകരാജ്യങ്ങളിലെ വ്യാപാരവിനിമയ സംവിധാനങ്ങൾ എല്ലാം മാറി മറിയുകയാണ്. ഏകീകൃത വ്യാപാര സംവിധാനത്തിലേക്കും, ഏകലോക സംവിധാനത്തിലേക്കും ഉള്ള ചുവടു വെയ്പ്പിന് മുന്നോടിയായി, ലോകവ്യാപാര മേഖല ഏകലോകജാലക സംവിധാനത്തിലേക്ക് എത്തികൊണ്ടിരിക്കുന്നു. അതിനായി ലോകത്തിലെ 180 രാജ്യങ്ങളിലെ വ്യാപാരവിപണന മേഖലയെ നിയന്ത്രിക്കുന്ന വ്യാപാര രൂപരേഖാ സഹായ (enterprise resource planning) സോഫ്റ്റ് വെയറാണ് സാപ് (Systems, Applications & Products in Data Processing") എന്നറിയപ്പെടുന്നത്. ഈ സംവിധാനത്തിലൂടെ വ്യാപാരത്തിന് നൂതന സംവിധാനങ്ങളും ഉപഭോക്താവിന് മികച്ച സേവനം ലഭിക്കുന്നു എന്നതാണ് പ്രത്യേകത. അതു നിമിത്തം സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യമായി മാറുകയും ചെയ്യുന്നു. കയ്യിൽ പണം ഇല്ലെങ്കിലും ക്രെഡിറ്റ് കാർഡോ, ഡെബിറ്റ് കാർഡോ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നതിനും, മാത്രമല്ല ഓൺലൈൻ വഴി സാധനങ്ങൾ വാങ്ങുന്നതിനും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം സാധ്യമാകുന്നു. ലോകത്തിലാകമാനം മുന്നുലക്ഷത്തി മുപ്പത്തി അയ്യായിരം ഉപഭോക്താക്കൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. കൂടാതെ യൂറോപ്യൻ സ്റ്റോക്ക് എക്സേഞ്ചായ യൂറോ സ്റ്റോക്സ് 50യുടെ സ്റ്റോക്ക് മാർക്കറ്റ് സൂചിക നല്കി തരുന്നതും ഈ സോഫ്റ്റ് വെയറിലൂടെയാണ്.

170 രാജ്യങ്ങളിലായി വ്യപരിച്ചിരിക്കുന്ന ഇന്റർ നാഷണൽ ബിസിനസ്സ് മെഷിനസ്സ് കോർപറേഷന്റെ അഭ്യർത്ഥനപ്രകാരം. ലോകവ്യാപാരത്തെ നിയന്ത്രിക്കുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള പര്യവേഷണം അഞ്ച് കമ്പ്യൂട്ടർ എഞ്ചിനിയർമാർ ആരംഭിച്ചു. അങ്ങനെ അവരുടെ ശ്രമത്തിന്റെ ഫലമായി 1972-ൽ കണ്ടുപിടിച്ച സംവിധാനമാണ് സാപ് എന്നറിയപ്പെടുന്നത്. ഈ സോഫ്റ്റ്‌വെയർ ഏജൻസിയുടെ ആസ്ഥാനം ജർമനിയിലെ വാൾഡ്രോപ്സാണ്. ആദ്യ സമയത്ത് കമ്പ്യൂട്ടറുകളിൽ മാത്രമായിരുന്നു ഉപയോഗം എങ്കിലും ഇന്ന് സ്മാർട്ട് ഫോണുകളിലും ഉപയോഗിക്കുവാൻ കഴിയും. ഡിജിറ്റൽ, നെറ്റ്‌വർക്ക് മേഖലയിൽ ലളിതമായ പ്രവർത്തനം സാധ്യമാക്കുന്ന പുതുതലമുറ ബിസിനസ് സംവിധാനമിത്. അഡ്വാൻസ്ഡ് ഇൻമെമ്മറി പ്രോഗ്രാമിനെ അടിസ്ഥാനമാക്കി, മൊബൈൽ ഉപകരണങ്ങൾക്കുവേണ്ടിയും രൂപം കൊടുത്തതാണ് പുതിയ സോഫ്റ്റ്‌വെയർ. വ്യക്തികളെയും ബിസിനസ് ശൃംഖലകളെയും ഉപകരണങ്ങളെയും ഒരേ സമയം ബന്ധിപ്പിക്കുന്ന പുതിയ സോഫ്റ്റ്‌വെയർ, ബിസിനസ്സ് സ്ഥാപനങ്ങൾക്ക് സഹായകമാണെന്നും ബിസിനസ് ആപ്ളിക്കേഷന്റെ പരിധിക്കുള്ളിൽ ആസൂത്രണം, നിർവഹണം, എന്നിവയെല്ലാം ഇത് സാധ്യമാക്കുന്നതാണ്.ലളിതമായ ഡേറ്റാ മാതൃക, സൂക്ഷ്മതലങ്ങളിൽ പോലും കൃത്യത നൽകുന്ന റീ ഇമാജിൻഡ് റിയൽ ടൈം ബിസിനസ് പ്രോസസ് എന്നിവയാണ് സവിശേഷതകൾ. ഓൺലൈൻ പണമിടപാടുകൾക്കായി പെയ് സാപ് എന്ന് പേരിട്ടിരിക്കുന്ന ആപ്പ് വഴി മൊബൈൽ ടോപ്പ് അപ്പ്, തത്സമയമുള്ള പണമിടപാട്, ബില്ല് അടയ്ക്കൽ തുടങ്ങിയവയും സിനിമ ടിക്കറ്റ് എടുക്കൽ, ഇകൊമേഴ്സ് ഇടപാട് തുടങ്ങിയവയും നടത്താൻ സാധിക്കും. മൊബൈൽ വാലറ്റ് സംവിധാനമായും 'പെയ് സാപ്' പ്രവർത്തിക്കും. പെയ് സാപ് വഴി മൊബൈൽ നമ്പർ, ഇമെയിൽ വിലാസം എന്നിവ ഉപയോഗിച്ച് മറ്റൊരാളുടെ അക്കൗണ്ടിലേയ്ക്ക് പണം കൈമാറാം. നേരത്തെ പണം സൂക്ഷിച്ച് വെക്കേണ്ട ആവശ്യമില്ലാത്തതിനാൽ മൊബൈൽ വാലറ്റിനേക്കാൾ മികച്ച രീതിയിൽ ഇകൊമേഴ്സ് ഇടപാടുകൾ നടത്താൻ സഹായിക്കും. മൊബൈൽ വഴിയുള്ള ഇകൊമേഴ്സ് ഇടപാടുകൾക്ക് കാഷ് ഓൺ ഡെലിവറി സംവിധാനം ഒഴിവാക്കി ഷോപ്പിങ് നടത്താനും ആപ്പ് സഹായിക്കും.

ഇത് ലോക വ്യാപാരരംഗത്തെ പിടിച്ചടുക്കുവാൻ എതിർക്രിസ്തുവിനെ സഹായിക്കും എന്ന് നിസംശയം പറയുവാൻ കഴിയും. ലോക വ്യാപാര രംഗം ഒരു സ്ഥലത്തേക്ക് മാത്രം കേന്ദ്രികരിക്കുന്നതിനാലും. അതിനെ കമ്പ്യൂട്ടർ നിർമ്മിത സോഫ്റ്റ്‌വയർ നിയന്ത്രിക്കുന്നതിനാലും, ഒരു കമ്പ്യൂട്ടർ സെർവറിൽ നിന്ന് തന്നെ ഡേറ്റാകളെല്ലാം വരുന്നതു കൊണ്ടും. ഒരു വ്യക്തിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ കഴിയും. ഇങ്ങനെയുള്ള സോഫ്റ്റ്‌വയറുകളുടെ സഹായത്തോടെയാണ് ആഗോളകുത്തക ഭീമന്മാർ തങ്ങളുടെ ബിസിനസ്സ് നിയന്ത്രിക്കുന്നത്. ലോകരാജ്യങ്ങൾ മുഴുവൻ പടർന്നു കിടക്കുന്ന ബിസിനസ്സ് ശൃംഖലകൾ തങ്ങളുടെ റൂമിലെ കമ്പ്യൂട്ടറിൽ നൊടിയിടക്കുള്ളിൽ വിവരങ്ങൾ ലഭ്യമാകുകയും അത് പരിശോധിക്കുകയും ചെയ്യുന്നത്. അതിനെയാണ് എതിർക്രിസ്തു ഉപയോഗിക്കുന്നതും വ്യാപാരവിപണന രംഗം തന്റെ കൈപ്പിടിയിലൊതുക്കുകയും ചെയ്യുന്നത്.



# PCNAK: ഐക്യതയുടെ സന്ദേശം നൽകുന്ന കൂട്ടായ്മ



**2018** ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റണിൽ നടക്കുന്ന PCNAK കോൺഫറൻസിന്റെ നാഷണൽ സെക്രട്ടറി വെസ്ലി മാത്യു കോൺഫറൻസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സജി മത്തായി കാതേട്ടുമായി പങ്കു വയ്ക്കുന്നു.

1. അമേരിക്കയിലെ മലയാളി പെന്തെക്കോസ്തർ കാത്തിരിക്കുന്ന PCNAK 36-ാമത് കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ?

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ നോർത്ത് അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യാ കമ്യൂണിറ്റിയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സമ്മേളനമാണിത്. പ്രതിവർഷം 5000 ലേറെ വിശ്വാസികൾ പങ്കെടുക്കുന്നു.

വിശ്വാസികളിൽ ആത്മീയ ഉന്നതി പ്രാപിക്കുക, കൂട്ടായ്മകളും സൗഹൃദങ്ങളും ബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പിതാക്കന്മാർ നട്ടു വളർത്തിയ ഈ കൂട്ടായ്മ മൂന്നര പതിറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. 36-മത് കോൺഫറൻസിന്റെ ഭാരവാഹിത്വം വളരെ പ്രാർത്ഥനയോടെയാണ് ഞങ്ങൾ ഏറ്റെടുത്തത്.

പ്രമോഷണൽ മീറ്റിംഗുകൾ വിവിധ സ്റ്റേറ്റുകളിൽ ലോക്കൽ കമ്മിറ്റിയുടെ സഹായത്തോടെ നടന്നു വരുന്നു. നവം. 19 ന് ന്യൂയോർക്കിലും ഡിസം. 2 ന് കാനഡയിലും നടന്നു. രജിസ്ട്രേഷനു വിപുലമായ ക്രമീകരണങ്ങൾ ആരംഭിച്ചു. ഓൺലൈൻ, ഇ മെയിൽ എന്നിവ വഴി രജിസ്ട്രേഷൻ ചെയ്യാം.

ഇപ്രാവശ്യം വിശ്വാസികളുടെ വൻ പങ്കാളിത്തമാണ് പ്രതീഷിക്കുന്നത്.

കോൺഫറൻസിന്റെ വിജയത്തിനും ആത്മീയ ഉണർവ്വിനുമായി പ്രയർ ലൈൻ ആരംഭിച്ചു.എല്ലാ ഞായറാഴ്ചയും രാത്രി 9ന് പ്രാർത്ഥന നടക്കുന്നു.

2. കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി മുടങ്ങാതെ നടന്നു വരുന്ന കോൺഫറൻസ് ആണല്ലൊ PCNAK. എന്നാൽ ഇപ്രാവശ്യത്തെ പ്രത്യേകതകൾ എന്തെല്ലാം?

1. വിശ്വാസികളെ ദൈവവചനത്തിൽ സമ്പന്നരാക്കുകയെന്നതാണ് ഈ പ്രാവശ്യം പ്രാധാന്യം നല്കുന്നത്.

എല്ലാവരും ദൈവവചനം പഠിക്കുന്നവരും മറ്റുള്ളവർക്ക് ദൈവവചനം പറഞ്ഞു കൊടുക്കാൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തിലൂന്നിയാണ് ഈ പ്രാവശ്യത്തെ പ്രസംഗകരെ തെരെഞ്ഞെടുത്തിരിക്കുന്നത്.

2. പെന്തെക്കോസ്തിന്റെ പഴയ കാലത്തേക്ക് ഒരു തിരിഞ്ഞുപോക്ക് എന്നതിലൂന്നിയുള്ള ആഹ്വാനമാണ് മറ്റൊന്ന്.

നമ്മുടെ ആത്മീയ അനുഭവങ്ങളും രോഗസൗഖ്യങ്ങളും വിജയകഥകളും പഴയ ഗാനങ്ങളും പുതിയ തലമുറയിലേക്ക് പകരപ്പെടാനുള്ള ആഹ്വാനത്തിലൂന്നിയുള്ള സന്ദേശങ്ങൾ ഉണ്ടാകും.

3. പുതിയ തലമുറയിലുള്ളവരെ സഭയിലെ നെടുംതൂണുകളാക്കുക എന്ന ചിന്ത പകരപ്പെടും. അതിനായുള്ള ചർച്ചകളും പഠനങ്ങളും പ്രവർത്തന പദ്ധതികളും തയ്യാറാക്കും.

3. ഈ പ്രാവശ്യത്തെ ചിന്താവിഷയം '(Theme ) എന്താണ്?

അങ്ങയുടെ രാജ്യം വരേണമേ...... (Thy Kingdom Come) എന്നതാണ്.

ഓരോ കോൺഫറൻസിന്റെയും തീം തെരെഞ്ഞെടുക്കാനുള്ള ചുമതല പ്രധാനമായും നാഷണൽ കൺവീനറിൽ നിഷിപ്തമാണ്. ദീർഘനാളത്തെ പ്രാർത്ഥനയും കൂടിയാലോചനകളും ഇതിന് പിന്നിലുണ്ട്.

അസമാധാനം നിറഞ്ഞ ലോകത്ത് ദൈവരാജ്യത്തിന്റെ സന്തോഷ പരിപൂർണ്ണതയും നീതിയും സമാധാനവും നിറഞ്ഞ ഒരു സ്വർഗീയാനുഭവം ഓരോ ഹൃദയങ്ങളിലും പകരപ്പെടേണമെന്ന ആശയമാണ് ഈ ചിന്താവിഷയം തെരെഞ്ഞെടുത്തതിന്റെ പിന്നിലുള്ളത്.

4. പ്രധാന പ്രസംഗകർ ആരെല്ലാം?

ലോക പ്രസിദ്ധ സുവിശേഷകനും അമേരിക്കയിലെ യുവജനങ്ങളുടെയിടയിൽ ഏറെ സ്വാധീനമുള്ള റവ.ഡോ.സാമുവേൽ റോഡ് ട്രിഗർസ് (Rev.Dr.Samuel Rodriguez), മലയാളികൾക്ക് സുപരിചിതനും സുപ്രസിദ്ധ വേദാദ്ധ്യാപകനും എഴുത്തുകാരനുമായ ഇവാ. സാജു ജോൺ മാത്യു (Rev. Saju John Mathew), ലോക പ്രസിദ്ധ സുവിശേഷകനും ഇറാനിയൻ മുസ്ലീം വംശജനും ലിബർട്ടി യൂണിവേഴ്സിറ്റിയിലെ സ്പിരിച്വൽ ഡവലപ്പ്മെന്റ് സീനിയർ വൈസ് പ്രസിഡണ്ടുമായ റവ.ഡേവിഡ് നാസ്സർ(Rev. David Nassar), ദക്ഷിണേന്ത്യയിൽ ഏറെ സ്വാധീനമുള്ള സുവിശേഷകൻ ബ്രദർ. മോഹൻ സി ലാസറസ്(Bro.Mohan C Lazarus) എന്നിവരാണ് ഈ പ്രാവശ്യത്തെ പ്രധാന പ്രസംഗകർ.

ഞാൻ നേരത്തെ പറഞ്ഞതു പോലെ ഈ പ്രസംഗകരെല്ലാം നന്നായി വചനം പഠിപ്പിക്കുന്നവരും അനേകായിരങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നവരുമാണ്.

ദൈവജനങ്ങൾക്ക് ആദിമകാലത്ത് ലഭിച്ചിരുന്ന കറകളഞ്ഞ വചന ഉപദേശവും പരിശുദ്ധാത്മ അഭിഷേകവും ഇക്കാലത്ത് തിരികെ കൊണ്ട് വരണമെന്നാണ് ഞങ്ങളുടെ ചിന്ത.

സഹോദരിമാരുടെ സമ്മേളനത്തിനു ഭാരതത്തിൽ രക്തസാക്ഷിയായ ഗ്രഹാം സ്റ്റെയ്ൻസിന്റെ ഭാര്യയും മിഷനറിയുമായ സിസ്റ്റർ ഗ്ലാഡിസ് സ്റ്റെയിൻസ്, സിസ്റ്റർ. ജെസി സാജു, സിസ്റ്റർ മായാ ശിവകുമാർ കൊല്ലം എന്നിവർ പങ്കെടുക്കും.

5. കോൺഫറൻസ് നടക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ?, മറ്റു സൗകര്യങ്ങൾ?

അമേരിക്കയിലെ പുരാതന പട്ടണങ്ങളിലൊന്നാണ് ബോസ്റ്റൺ. ന്യൂയോർക്കിൽ നിന്നും രണ്ടര മണിക്കൂർ യാത്ര ചെയ്താൽ സമ്മേളന സ്ഥലമായ സ്പ്രിംഗ് ഫീൾഡ് എന്ന പട്ടണത്തിലെത്താം. അമേരിക്കൻ ചരിത്രത്തോടൊപ്പം ക്രൈസ്തവ ചരിത്രത്തിലും ഏറെ പ്രാധാന്യമുള്ള പട്ടണമാണ് ബോസ്റ്റൺ.

അമേരിക്കയുടെ വികസനത്തിന് നാന്ദി കുറിച്ച സംഭവ വികാസങ്ങൾ അരങ്ങേറിയ പ്ലിമത്ത് കടൽ തീരം ഇവിടെയാണ്. പതിനഞ്ചാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ മത പീഡ ഭയന്ന് 'മേയ്ഫ്ലവർ ' പായ് വഞ്ചിയിൽ പ്ലിമത്തിൽ വന്നിറങ്ങിയ തീർത്ഥാടക പിതാക്കന്മാരുടെ ചരിത്രമാണ് ആധുനിക അമേരിക്കൻ ചരിത്രം.

മസ്സാച്യുസെറ്റ്സ് സ്റ്റേറ്റിന്റെ തലസ്ഥാന നഗരം കൂടിയായ ഇവിടെയാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനു തുടക്കമിട്ടത്. ഹാർവാർഡ്, ബോസ്റ്റൺ, ലിബർട്ടി തുടങ്ങിയ യൂണിവേഴ്സിറ്റികളും ഇവിടെയാണ്.

1770-കളിൽ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലെ സുപ്രധാന സംഭവങ്ങൾ അരങ്ങേറിയ സ്ഥലം. ചരിത്രത്തിൽ ഇടം നേടിയ 'ബോസ്റ്റൺ ടീ പാർട്ടി' നടന്ന സ്ഥലം എന്ന ഖ്യാതിയുള്ള പട്ടണം. ആദ്യമായി PC NAK കോൺഫറൻസ് നടക്കുന്ന ഈ പട്ടണത്തിൽ ജനപങ്കാളിത്തം കൂടുമെന്നാണ് ഞങ്ങളുടെ വിശ്വാസം. കൂടാതെ ആന്ധ്ര, കർണ്ണാടക സംസ്ഥാനക്കാർ ഈ പട്ടണത്തിൽ ഏറെയുണ്ട്. പാസ്റ്റർ മോഹൻ സി. ലാസറസിന്റെ സാന്നിദ്ധ്യം ഈ ജനവിഭാഗത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കാനാവും.

6. പി.സി. നാക്കിന്റെ കോൺഫറൻസുകൾ സഭകളുടെ വളർച്ചയെയും സുവിശേഷ പ്രവർത്തനത്തെയും എങ്ങനെയൊക്കെ സ്വാധീനിക്കുന്നു?

സുവിശേഷ വളർച്ചയ്ക്കും സഭകളുടെ ഉയർച്ചക്കും വേണ്ട പദ്ധതികൾ തയ്യാറാക്കി വരുന്നു. കോൺഫറൻസിനു ശേഷം എല്ലാ സഭകളിലും ആത്മീയവും ഭൗതികവുമായ വളർച്ചയുണ്ടാകുമെന്നു കരുതുന്നു. നിരന്തമായ ബൈബിൾ ക്ലാസുകൾ ഓരോ സഭകളിലും നടക്കേണ്ടതിന്റെ ആവശ്യകത വിശ്വാസികളെയും സഭകളെയും ബോധ്യപ്പെടുത്തും. ന്യൂ ജനറേഷൻ ദുരുപദേശങ്ങൾ സഭയിൽ കടക്കാതെ വിശ്വാസികളെ പ്രാപ്തരാക്കും.

7. മറ്റു ഭാരവാഹികൾ?

ആത്മീയരും ഏറെ പ്രവർത്തന പാരമ്പര്യമുള്ളവരും കഴിവുമുള്ള നല്ലൊരു ടീമാണ് ഇപ്രാവശ്യം കോൺഫറൻസിനു നേതൃത്യം നല്കുന്നത്.

പാസ്റ്റർ ബഥേൽ ജോൺസൻ (നാഷണൽ കൺവീനർ), വെസ്ലി മാത്യു (നാഷണൽ സെക്രട്ടറി), ബാബു കുട്ടി ജോർജ് (നാഷണൽ ട്രഷറാർ), ഷോണി തോമസ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്.ആശാ ഡാനിയേൽ (നാഷണൽ ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ് നേതൃത്വം നല്കുന്നത്.കൂടാതെ ലോക്കൽ കമ്മിറ്റികളും ഞങ്ങളോടൊപ്പം പ്രയത്നിക്കുന്നു'. ഞങ്ങളെയും കോൺഫറൻസിനേയും ഓർത്ത് പ്രാർത്ഥിച്ചാലും.

## 36-ാമത് പിസിനാക്ക് ബോസ്റ്റണിൽ



തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പിസിനാക്ക് കൺവീനർ റവ. ബഥേൽ ജോൺസൺ സംസാരിക്കുന്നു. സെക്രട്ടറി വെസ്ലി മാത്യു, ട്രഷറർ ബാബുകുട്ടി ജോർജ്ജ് എന്നിവർ സമീപം

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് കോൺഫ്രൻസ് പെന്തക്കോസ്തൽ കോൺഫ്രൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പിസിനാക്ക്) അമേരിക്കയിലെ ബോസ്റ്റൺ പട്ടണത്തിലെ മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിൽ 2018 ജൂലൈ 5 മുതൽ 8 വരെ നടക്കും. ലോകപ്രശസ്ത ആത്മീയ പ്രഭാഷകരായ റവ. സാമുവേൽ റോഡ്രിഗീസ്, റവ. ഡേവിഡ് നാസർ, ഇവ. സാജു ജോൺ മാത്യു, ബ്രദർ മോഹൻ സി ലാസറസ് എന്നിവരും വിവിധ സഭാ നേതാക്കന്മാരും, അമേരിക്കയിലെ പ്രശസ്ത മലയാളി പ്രഭാഷകരും ദൈവവചന സന്ദേശങ്ങൾ നല്കുമെന്ന് തിരുവല്ലയിൽ നടന്ന പത്ര സമ്മേളനത്തിൽ പിസിനാക്ക് ഭാരവാഹികൾ അറിയിച്ചു. കോൺഫ്രൻസിന് നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി ബ്രദർ വെസ്ലി മാത്യു, നാഷണൽ ട്രഷറാർ ബാബുകുട്ടി ജോർജ്, നാഷണൽ യൂത്ത് കോർഡിനേറ്റർ ഷോണി തോമസ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ ആശ ദാനിയേൽ, കോൺഫ്രൻസ് കോർഡിനേറ്റർ റവ. തോമസ് ഇടിക്കുള തുടങ്ങിയവർ നേതൃത്വം നല്കും. പി.സി.എൻ.എ. കെ കോൺഫ്രൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്യണമെന്നും ഭാരവാഹികൾ അറിയിച്ചു.

പലതരത്തിലും പുതുമകൾ നിറഞ്ഞ ഈ പ്രാവശ്യത്തെ കോൺഫ്രൻസ് പെന്തക്കോസ്ത് അനുഭവങ്ങളിലേക്ക് വിശ്വാസ സമൂഹം മടങ്ങി വരേണ്ടതിനും അവരുടെ ആത്മീക ഉത്തേജനത്തിനു ഊന്നൽ നൽകുന്നതുമായിരിക്കുമെന്ന് സംഘാടകർ പറഞ്ഞു. മികച്ച രീതിയിലുള്ള സംഘാടനമാണ് കോൺഫ്രൻസിന്റെ വിജയത്തിനായി ക്രമീകരിച്ചിരിക്കുന്നത്. മികച്ച ഭക്ഷണം, താമസ സൗകര്യം, യാത്ര ക്രമീകരണങ്ങൾ എല്ലാം കുറ്റമറ്റതായിരിക്കും അതിനു വേണ്ടി ലോക്കൽ നാഷണൽ കമ്മറ്റികൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.pcnak2018.org

# ഐ.പി.സി ഫാമിലി കോൺഫറൻസ് പ്രമോഷണൽ മീറ്റിംഗ് ഫ്ളോറിഡായിൽ

രാജൻ ആര്യപ്പള്ളിൽ, നാഷണൽ പബ്ലിസിറ്റി കോർഡിനേറ്റർ

**ലേക്ക്ലാന്റ്:** 2018 ജൂലൈ 26 മുതൽ 29 വരെ ഡാളസ് പട്ടണത്തിലുള്ള ഹയാത്ത് റീജിയൻസിയിൽ ഡി.എഫ്.ഡബ്ല്യു വെച്ച് നടക്കുന്ന പതിനാറാമത് ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായുള്ള പ്രമോഷണൽ യോഗം മാർച്ച് 11 ഞയറാഴ്ച വൈകിട്ട് 5:30 മുതൽ 8 മണിവരെ ഐപിസി ലേക്ക്ലാന്റ്, 4525 ക്ലബ് ഹൌസ് റോഡ്, ലേക്ക്ലാന്റ്, ഫ്ളോറിഡ 33812 വച്ച് നടക്കുന്നതാണെന്ന് നാഷണൽ സെക്രട്ടറി അലക്സാണ്ടർ ജോർജ്ജ് അറിയിച്ചു. മുൻ ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ നിരവധി ഭാരവാഹികളെ കൂടാതെ ലെക്ക്ലാന്റ്, ഒർലാന്റോ എന്നീ പട്ടണങ്ങളിലുള്ള ഐ.പി.സി സഭാ ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കുന്നതാണ്. പ്രമോഷണൽ മീറ്റിംഗിനോടൊപ്പം നടക്കുന്ന സംഗീത സായാഹ്നത്തിൽ ലേക്ക്ലാന്റ്, ഒർലാന്റോ എന്നിവങ്ങളിൽ നിന്നുള്ളവർ ഗാനങ്ങൾ ആലപിക്കുന്നതാണ്.



ഡോ. ബേബി വർഗീസ്



അലക്സാണ്ടർ ജോർജ്ജ്



ജെയിംസ് മുളവന

കോൺഫറൻസിന്റെ നാഷണൽ കൺവീനർ ഡോ. ബേബി വർഗീസ്, നാഷണൽ സെക്രട്ടറി അലക്സാണ്ടർ ജോർജ്, നാഷണൽ ട്രഷറാർ ജെയിംസ് മുളവന, നാഷണൽ ലേഡീസ് കോർഡിനേറ്റർ നാൻസി ഏബ്രഹാം, സെൻറർ ഫ്ളോറിഡ നാഷണൽ പ്രതിനിധി ഫിന്നി വർഗീസ് തുടങ്ങിയവർ പങ്കെടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:
അലക്സാണ്ടർ ജോർജ്: 407.484.8838
ജെയിംസ് മുളവന: 561.319.6770
ഫിന്നി വർഗീസ്: 863.393.4657
Website: ipcfamilyconference.com

Q&A ചോദ്യോത്തരവേദി

# ഗോപാലകൃഷ്ണന്റെ യൂട്യൂബിലെ പ്രഭാഷണങ്ങൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

***ചോദ്യം:*** ഗോപാലകൃഷ്ണൻ യൂട്യൂബിലൂടെ നടത്തുന്ന വിവരക്കേടുകൾക്ക് ഒരു ഫാദർ റിഞ്ചു വി. കോശി അക്കമിട്ട് നിരത്തി പൊളിച്ചടുക്കുന്നുണ്ട്. എന്നാൽ ഗോപാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തിന് ഫാദർ മറുപടി പറഞ്ഞില്ല. ഗോപാലകൃഷ്ണൻ പറഞ്ഞത്: സൗത്ത് ആഫ്രിക്കയിലെ ജോഹനസ്ബർഗ്ഗിൻ കണ്ടെടുത്ത ഒരു മനുഷ്യന്റെ അസ്ഥികൂടത്തിന് ഏതാണ്ട് 70000 (എഴുപതിനായിരം) വർഷങ്ങൾ പഴക്കമുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ തെളിയിച്ചിരിക്കുന്നു. എന്നാൽ ബൈബിളിലെ വംശാവലി പരിശോധിക്കുമ്പോൾ, മനുഷ്യനുണ്ടായിട്ട് 5000 വർഷങ്ങളായിട്ടില്ല. ഇതിനുള്ള മറുപടിയാണ് വേണ്ടത്?

**– ലിജു, മല്ലപ്പള്ളി.**

***ഉത്തരം:*** ഗോപാലകൃഷ്ണൻ പറയുന്ന വിവരക്കേടുകൾക്ക് ഫാദർ റിഞ്ചു വി. കോശി പറയുന്ന മറുപടി ദൃശ്യങ്ങൾ ഒരു സുഹൃത്ത് എന്നെ കാണിച്ചിരുന്നു. അതെല്ലാവരും കാണേണ്ടതാണ്. എന്റെ നിരീക്ഷണത്തിൽ ഗോപാലകൃഷ്ണന് സമനില തെറ്റിയതാവാം, അല്ലെങ്കിൽ ഭൂതം ബാധിച്ചതാവാം, അല്ലെങ്കിൽ ആരെങ്കിലും ധനം കൊടുത്ത് പറയിപ്പിക്കുന്നതാവാം. അല്ലെങ്കിൽ ലോകം കണ്ട ഏറ്റവും വലിയ ബുദ്ധിമാനായിരുന്ന ആൽബർട്ട് ഐൻസ്റ്റിയിന് പറ്റിയ അബദ്ധം ആകാം. ഐൻസ്റ്റീൻ, സ്വന്തം മുയലുകൾക്ക് വേണ്ടി കൂട് രൂപപ്പെടുത്തിയപ്പോൾ, വലിയ മുയലുകൾക്കുവേണ്ടി ഒരു വലിയ വാതിലും, മുയലിന്റെ കുഞ്ഞുങ്ങൾക്ക് വേണ്ടി ഒരു ചെറിയ വാതിലും ഉണ്ടാക്കിയിരുന്നു. മുയലിന്റെ കുഞ്ഞുങ്ങൾക്ക് വലിയ വാതിലിൽ കൂടി കയറിയിറങ്ങാമെന്ന് ഐൻസ്റ്റിൻ ചിന്തിച്ചില്ല. അതായത് ചെറിയ വാതിലിന്റെ ആവശ്യമില്ലായെന്ന് അദ്ദേഹം മനസ്സിലാക്കിയില്ല. ഐൻസ്റ്റിയൻ ലോകം കണ്ട ഏറ്റവും വലിയ പ്രതിഭയായിരുന്നു. പക്ഷെ ഗോപാലകൃഷ്ണൻ ഒരിടത്തും തന്റെ കഴിവ് തെളിയിച്ചിട്ടില്ല. കൈവച്ച മേഖലകളിലെല്ലാം പരാജയപ്പെട്ട ശേഷമാണ് സ്വയം അപഹാസ്യനാകാൻ തന്റെ പ്രഭാഷണപരമ്പരയുമായി കളത്തിലിറങ്ങിയിരിക്കുന്നത്. യേശുവിനെ അധിക്ഷേപിച്ചാൽ യേശു ക്ഷമിക്കുമെന്ന് പറഞ്ഞിട്ടുള്ളതുകൊണ്ടും ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ചിട്ടുള്ളതുകൊണ്ടും ഗോപാലകൃഷ്ണന് കുറച്ചുകാലം കൂടി മുന്നോട്ട് പോകാം. ഗോപാലകൃഷ്ണനുള്ള കുറച്ചുകാലത്തിനുള്ളിൽ 'ഖുറാൻ' വ്യാഖ്യാനം ചെയ്യാൻ ഗോവാലന് ധൈര്യമുണ്ടോ?

ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം വികസിത രാജ്യങ്ങളിലെ പല സർവ്വകലാശാലകളും ഇപ്പോൾ പഠിപ്പിക്കുന്നില്ല. പരിണാമ സിദ്ധാന്തത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണത്. ഭൂമിക്കധികം പ്രായമില്ലെന്ന് പല ശാസ്ത്രജ്ഞരും വിശ്വസിക്കുന്നു. അതിന്റെ കാരണങ്ങൾ താഴെക്കുറിയ്ക്കുന്നു.

1. വർഷം തോറും ശക്തി ക്ഷയിച്ചുകൊണ്ടിരുക്കുന്ന ഒരു കാന്തികമണ്ഡലം (Magnetic Field) ഭൂമിക്കുണ്ട്. ഭൂമിക്കു കോടിക്കണക്കിനു വർഷം പഴക്കമുണ്ടായിരുന്നെങ്കിൽ അന്ന് ഈ കാന്തികമണ്ഡലത്തിന്റെ ശക്തി വളരെ വലുതായിരുന്നേനെ. അത്യധികമായ ഈ കാന്തികശക്തി ചന്ദ്രനേയും ചൊവ്വയേയും ഭൂമിയുടെ ആകർഷണവലയത്തിനുള്ളിൽ എത്തിക്കുമായിരുന്നു. ചന്ദ്രനും ചൊവ്വയും ഭൂമിയിൽ ഇടിച്ച് ചിതറി നശിക്കുമായിരുന്നു.

2. സൂര്യനിൽ നടക്കുന്ന ന്യൂക്ലിയർ ഫ്യൂഷന്റെ ഫലമായി, ചൂടും വെളിച്ചവും ഉണ്ടാകുന്നതിന്റെ ഫലമായി, ഓരോ ദിവസവും സൂര്യന്റെ വ്യാസം അഞ്ചടി വെച്ച് ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. അതായത് ഇന്നലെ നാം കണ്ട സൂര്യനെക്കാൾ അഞ്ചടി വ്യാസം കുറഞ്ഞ സൂര്യനെയാണ് ഇന്നു കാണുന്നത്. നാളെ നാം കാണുന്ന സൂര്യൻ ഇന്നത്തെ സൂര്യനെക്കാൾ അഞ്ചടി വ്യാസം കുറവായിരിക്കും. ഈ കണക്ക് പിന്നിലേക്ക് കൂട്ടിനോക്കുക. അതായത് ഇന്നു നാം കാണുന്ന സൂര്യനെക്കാൾ അഞ്ചടി വ്യാസം കൂടുതലായിരുന്നു ഇന്നലെ കണ്ട സൂര്യന്. അതിനെക്കാൾ അഞ്ചടി വ്യാസം കൂടുതലായിരുന്നു മിനിഞ്ഞാന്ന്. അങ്ങനെ പിന്നിലേക്ക് ആയിരക്കണക്കിന് കോടി വർഷങ്ങൾ കടന്നു ചെല്ലുമ്പോൾ കാണുന്നത് ഭീമാകാരമായ സൂര്യനെയാണ്. വലിപ്പം മാത്രമല്ല, അതിനനുസൃതമായി ആകർഷണശക്തിയും ഉള്ള ഒരു സൂര്യൻ. അങ്ങനെ വരുമ്പോൾ സൗരയൂഥത്തിലെ മറ്റെല്ലാ ഗ്രഹങ്ങളെയും സൂര്യൻ വിഴുങ്ങേണ്ടതല്ലേ? പക്ഷെ അങ്ങനെ സംഭവിക്കാത്തതിനു കാരണം സൂര്യൻ ഉണ്ടായിട്ടു അധികകാലം ആയിട്ടില്ലെന്നതല്ലേ?

3. എല്ലാ ജന്തുക്കളും സസ്യങ്ങളും ഒരോ തലമുറയിലും ജനിതകപരമായ ചെറിയ വ്യതിയാനത്തിന് വിധേയമാകുന്നുണ്ട്. ഇതിനു മ്യൂട്ടേഷൻ എന്നു പറയുന്നു. ഇതിന്റെ ഫലം ദോഷകരമാണ്. രോഗവും ബലഹീനതയും സസ്യങ്ങളിലും ജന്തുക്കളിലും മനുഷ്യരിലും വർദ്ധിച്ചു വരുന്നതിന്റെ ഒരു കാരണമിതാണ്. ജീവൻ ഉണ്ടായിട്ട് നൂറ്കണക്കിന് ദശലക്ഷം വർഷങ്ങൾ ആയിട്ടുണ്ടായിരുന്നുവെങ്കിൽ മ്യൂട്ടേഷൻ പ്രതിഭാസം മുഖാന്തരം ജീവൻ തന്നെ ഭൂമിയിൽ നിന്നും അപ്രത്യക്ഷമാകുമായിരുന്നു.

4. ഹീലിയം എന്ന വാതകം ന്യൂക്ലിയർ ഫ്യൂഷൻ മുഖാന്തരം അന്തരീക്ഷത്തിൽ നിരന്തരമായി ഉത്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. കോടിക്കണക്കിനു വർഷത്തെ പഴക്കം ഭൂമിക്കുണ്ടായിരുന്നുവെങ്കിൽ ഇന്ന് അന്തരീക്ഷത്തിൽ 99.99% ഹീലിയം എന്ന വാതകമായിരുന്നു കാണപ്പെടേണ്ടിയിരുന്നത്. പക്ഷെ ഇന്ന് അന്തരീക്ഷത്തിലുള്ള ഹീലിയത്തിന്റെ ആകെ അളവ് കണക്കാക്കുമ്പോൾ ഭൂമിക്ക് വളരെക്കുറവ് പ്രായമേ കാണിക്കുന്നുള്ളൂ.

5. മനുഷ്യർ ഉണ്ടായിട്ടു ലക്ഷക്കണക്കിന് വർഷങ്ങളായിട്ടുണ്ടെങ്കിൽ ഭൂമിയിൽ ഇന്നു മീൻ കൊട്ടയിൽ മത്തി അടുക്കിയതുപോലെ മനുഷ്യർ കാണുമായിരുന്നു. സാധാരണയായി ജനസംഖ്യ ഇരട്ടിക്കുന്നത് 100 വർഷം കൊണ്ടാണന്ന് ശാസ്ത്രലോകം സ്ഥിതിവിവരപ്പട്ടിക വെച്ചു തെളിയിക്കുന്നു. നമുക്കു അല്പം കൂടി കൂട്ടി 160 വർഷം കൊണ്ട് ജനസംഖ്യ ഇരട്ടിക്കുന്നുവെന്ന് സങ്കല്പിക്കാം. ഭൂമിയിലുണ്ടായ ജലപ്രളയാനന്തരം ഭൂമുഖത്താകെ അവശേഷിച്ചത് നോഹയും കുടുംബവും ആയ എട്ടുപേർ മാത്രമാണ്. നൂറ്ററുപതു വർഷം കൂടുമ്പോൾ ജനസംഖ്യ ഇരട്ടിക്കുന്നു എന്നു കണക്കാക്കിയാൽ ഏതാണ്ട് 4800 വർഷങ്ങൾ കൊണ്ട് ഇന്നത്തെ ജനസംഖ്യ ഉണ്ടാകും.

| വർഷം | ജനസംഖ്യ |
|---|---|
| വർഷം തുടങ്ങുന്നു | നോഹയും കുടുംബവും (8 ആളുകൾ) |
| 160 വർഷം | 16 ആളുകൾ |
| 320 ” | 32 ” |
| 480 ” | 64 ” |
| 640 ” | 128 ” |
| 800 ” | 256 ” |
| 960 ” | 512 ” |
| 1120 ” | 1024 ” |
| 1280 ” | 2048 ” |
| 1440 ” | 4096 ” |
| 1600 ” | 8192 ” |
| 1760 ” | 16384 ” |
| 1920 ” | 32768 ” |
| 2080 ” | 65536 ” |

| വർഷം | ജനസംഖ്യ |
|---|---|
| 2240 ” | 131072 ” |
| 2400 ” | 262144 ” |
| 2560 ” | 524288 ” |
| 2720 ” | 1048576 ” |
| 2880 ” | 2097152 ” |
| 3040 ” | 4194304 ” |
| 3200 ” | 8388608 ” |
| 3360 ” | 16777216 ” |
| 3520 ” | 33554432 ” |
| 3680 ” | 67108864 ” |
| 3840 ” | 134217728 ” |
| 4000 ” | 268435456 ” |
| 4160 ” | 536870912 ” |
| 4320 ” | 1073741824 ” |
| 4480 ” | 2147483648 ” |
| 4640 ” | 4294967296 ” |

6. പുരാതനത്വം നിർണ്ണയിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന കാലഗണനാ രീതി റേഡിയോ മെട്രിക് രീതിയാണ്. പാറകളുടെ പ്രായം നിർണ്ണയിക്കാൻ യുറേനിയം – തോറിയം – ഈയം, പൊട്ടാസ്യം – ആർഗൺ സമ്പ്രദായമാണ് ഉപയോഗിക്കുന്നത്. പുരാവസ്തുക്കളുടെ കാര്യത്തിൽ കാർബൺ – 14 രീതിയും ഉപയോഗിക്കുന്നു.

ഈ രീതികൾ ഉപയോഗിക്കുന്നതിന്റെ പിന്നിലെ അടിസ്ഥാനതത്വം റേഡിയോ ആക്ടീവ് സ്വഭാവഗുണമുള്ള ചില മൂലകങ്ങൾ കാലപ്പഴക്കത്തിൽ മറ്റു മൂലകങ്ങളായി മാറ്റപ്പെടും എന്നതാണ്. ഉദാഹരണത്തിന്: യുറേനിയം ആദ്യം തോറിയമായും പിന്നെ ഈയമായും മാറ്റപ്പെടുന്നു. ഇതനുസരിച്ച് ശാസ്ത്രജ്ഞന്മാർ ഒരു പാറയുടെ ഒരംശം എടുത്തു അതിൽ എത്ര ഈയം അടങ്ങിയിരിക്കുന്നു എന്നു നിർണ്ണയിക്കുന്നു. അതിൽനിന്നും യുറേനിയം ഈയമായി മാറാനെടുത്ത കാലം കണക്കാക്കുന്നു. അങ്ങനെ ആ പാറയുടെ പ്രായം നിശ്ചയിക്കുന്നു.

ഒറ്റനോട്ടത്തിൽ ശാസ്ത്രീയമെന്നു തോന്നാമെങ്കിലും ഇതിൽ പല സങ്കല്പങ്ങളും അടങ്ങിയിട്ടുണ്ടെന്നതാണ് സത്യം. അവ വേറൊരു ലക്കത്തിലെ ചോദ്യോത്തരവേദിയിൽ വിശദീകരിക്കാം. എങ്കിലും രസകരമായ ഒരു കാര്യംകൂടി എഴുതിയിട്ട് നിർത്തുന്നു: കാർബൺ –14 രീതി ഉപയോഗിച്ച് ജീവനുള്ള ഒരു ഒച്ചിന്റെ പുറംതോടിന്റെ പ്രായം നിർണ്ണയിക്കാൻ അമേരിക്കയിലെ ശാസ്ത്രജ്ഞന്മാർ ശ്രമിച്ചു. ജീവനുള്ള ആ ഒച്ചിന്റെ പുറംതോടിന് ഒരു കോടി ഇരുപത്തേഴായിരം വർഷത്തെ പ്രായമുണ്ട് എന്നാണ് പരീക്ഷണത്തിൽ ലഭിച്ച വിവരം.

*ചിരിക്കാൻ വേണ്ടി മാത്രം രണ്ട് അടിക്കുറിപ്പുകൾ*

1. കൊല്ലപ്പെട്ട കന്യാസ്ത്രീ അഭയയുടെ ശരീരത്തിലോ വസ്ത്രത്തിലോ കണ്ട അംശങ്ങൾ ജീവിച്ചിരിക്കുന്ന പുരോഹിതന്റെയോ മെത്രാന്റെയോ അംശങ്ങളാണോ എന്ന് സ്ഥിരീകരിക്കാൻ സാധിക്കാത്ത ആധുനിക ശാസ്ത്രമാണ് കോടാനുകോടി വർഷങ്ങളുടെ പ്രായമുള്ള പാറയുടെ അംശത്തെക്കുറിച്ച് വ്യക്തമായും കൃത്യമായും സംസാരിച്ച് രസിപ്പിച്ച് നമ്മളെ പഠിപ്പിക്കുന്നത്.

2. പഴയസാധനങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന ഒരു മ്യൂസിയത്തിൽ ഒരു പാറയുടെ ആയുസ്സ് ഒരു ലക്ഷത്തിയേഴു വർഷം എന്ന് എഴുതിവെച്ചിരിക്കുന്നത് കണ്ട്, കാഴ്ചക്കാരൻ മ്യൂസിയം സൂക്ഷിപ്പുകാരനോട് ചോദിച്ചു; ഇത്ര കൃത്യമായി ഈ ആയുസ്സ് എഴുതിയിരിക്കുന്നത് എങ്ങനെയാണ്? അതിനു മറുപടി ലഭിച്ചത് ഇപ്രകാരമാണ്: 'ഞാൻ ജോലിക്കു വന്നപ്പോൾ ഈ പാറയുടെ ആയുസ്സ് ഒരു ലക്ഷം വർഷം എന്നാണ് എന്നോട് അധികാരികൾ പറഞ്ഞത്. ജോലിക്ക് ചേർന്നിട്ട് ഇപ്പോൾ ഏഴുവർഷമായിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഒരു ലക്ഷത്തിയേഴു വർഷം എന്ന് വ്യക്തമായും കൃത്യമായും എഴുതിവെച്ചിരിക്കുന്നത്'.

## 03 വേദപഠനം.....

ദൈവനാമമഹത്വമാണെന്ന് ഈ വാക്യത്തിലൂടെ വ്യക്തമാകും. മാത്രമല്ല ഇതിന്റെ ഭാവിപ്രത്യാശ വരുവാനിരിക്കുന്ന രാജ്യത്തിലെ അനുഗ്രഹങ്ങളും നിത്യമായ വാസവുമാണ്. മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ ഏറ്റുപറഞ്ഞാൽ അവനെ ദൈവദൂതന്മാരുടെ മുമ്പാകെ മനുഷ്യപുത്രനും ഏറ്റു പറയും. ലൂക്കോ. 12:8. ദൈവദൂതന്മാരുടെ മുമ്പാകെ മാത്രമല്ല, പിതാവിന്റെ മുമ്പിലും ഏറ്റുപറയും എന്നാണ് സുവിശേഷകനായ മത്തായി പറഞ്ഞിരിക്കുന്നത് മത്തായി 10:32. ഭാവിപ്രത്യാശ എന്നത് ഓരോ ദൈവമക്കളുടെയും പ്രത്യാശയാണ്, ഈ ഭാഗ്യകരമായ പ്രത്യാശ പൊന്തിയോസ് പീലാത്തോസിന്റെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചു യേശുക്രിസ്തുവിനെ മാതൃകയാക്കി. ഈ ഭൂമിയിൽ നല്ല സ്വീകാരം കഴിക്കുന്നവർക്കുള്ള അനുഭവമാണ്. **(തുടരും...)**

വാർത്തകളും ലേഖനങ്ങളും അയക്കേണ്ട വിലാസം
BELIEVERS JOURNAL
Kandankeril Building
Kumbanad P.O, Thiruvalla - 689 547
Email: beljourn@gmail.com
Website: www.beljourn.com

## 01 ബാപ്റ്റിസ്റ്റുകാർ ഏർപ്പെടുത്തിയ.....

അനുവദിച്ചില്ല. അന്നും കേസ് കോടതിയിൽ പോകുകയും ഗോത്രതലവന്മാരും കോടതിയും ഇടപ്പെട്ട് പ്രശ്നം പരിഹരിക്കുകയും ചെയ്തു. അന്ന് ഇത് ഒരു പ്രമുഖ വാർത്തയായിരുന്നു.

ഭൂരിപക്ഷ സമുദായത്തിൽ നിന്ന് തങ്ങൾ നേരിടുന്ന മോശമായ പെരുമാറ്റത്തിനെതിരെ കത്തോലിക്കാ വിശ്വാസികൾ ഹൈക്കോടതിയെ സമീപിക്കുകയും പതിറ്റാണ്ടുകൾ പഴക്കമുള്ള നിയമം കോടതി അസാധുവാക്കുകയും ചെയ്തു.

എന്നാൽ ഇത്തരം തർക്കങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്ര സമ്പ്രദായത്തിന്റെ ഭാഗമാണെന്നും സഭയോ വിശ്വാസമോ ഇതിന് ഉത്തരവാദികൾ അല്ലെന്നും നിരീക്ഷകർ കരുതുന്നു. ഉത്തരഭാരതത്തിൽ പല ഗ്രാമത്തിലും ന്യൂനപക്ഷ സമൂഹങ്ങൾ ഇത്തരം വിലക്ക് അഭിമുഖീകരിക്കുന്നവരാണ്. എന്നാൽ അവരുടെ പ്രശ്നങ്ങൾ വാർത്തകൾ ആകാറില്ല എന്ന് മാത്രം.

## 01 ഐ.പി.സി. മാധ്യമ അസോസിയേഷൻ .....

പാസ്റ്റർമാരായ രാജൂ പൂവക്കാല, സി.സി. ഏബ്രഹാം എന്നിവർ പ്രാർത്ഥിച്ചു. ഗ്ലോബൽ മീറ്റ് അസോസിയേഷൻ ഭാരവാഹികളായി പാസ്റ്റർ കെ. സി. ജോൺ (രക്ഷാധികാരി), സി. വി. മാത്യു (ചെയർമാൻ), പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ (വൈസ് ചെയർമാൻ), സജി മത്തായി കാതേട്ട് (ജനറൽ സെക്രട്ടറി), പാസ്റ്റർ രാജു ആനിക്കാട്, ഫിന്നി രാജു, ഷിബു മുള്ളംകാട്ടിൽ (സെക്രട്ടറിമാർ), ഫിന്നി പി. മാത്യു (ട്രഷറാർ), ടോണി ഡി.ചെവ്വൂക്കാരൻ (ജനറൽ കോർഡിനേറ്റർ), പാസ്റ്റർമാരായ അച്ചൻകുഞ്ഞ് ഇലന്തൂർ, സി. പി. മോനായി, റോയി വാകത്താനം, കുര്യൻ ഫിലിപ്പ്, ഷാജി കാരയ്ക്കൽ സഹോദരന്മാരായ വിജോയ് സക്കറിയ, വെസ്ളി മാത്യു, ഉമ്മൻ ഏബനേസർ, നിബു വെള്ളുവന്താനം, എം. വി. ഫിലിപ്പ്, കെ. ബി. ഐസക്, ഷാജി മാറാനാഥാ, രാജൻ ആര്യപ്പള്ളി, ജോർജ് ഏബ്രഹാം, സിസ്റ്റർ സ്റ്റാർലാ ലൂക്ക് എന്നിവരെ തെരഞ്ഞെടുത്തു.

# നിത്യതയിൽ



**എം. കെ. തോമസ് (76)**

**റാന്നി:** മേനാതോട്ടത്തിൽ പരേതനായ ഷെവലിയാർ എം. കെ. തോമസ് (തോമസുകുട്ടി-76) നിത്യതയിൽ. സംസ്കാരം ചെല്ലയ്ക്കാട് ചർച്ച് ഓഫ് ഗോഡ് സഭയുടെ ശാലേം സെമിത്തേരിയിൽ നടന്നു.

ഭാര്യ: അഞ്ചു. മകൻ: കുര്യാക്കോസ് തോമസ്, സഞ്ജു, (എത്തിഹാത് എയർവെയ്സ്, അബുദാബി). മരുമക്കൾ: മാർഷൽ ഫിലിപ്പ് (കളരിത്തറ, നിലംപേരൂർ), ജെമി തോമസ് (തോട്ടുമാലിൽ, കല്ലിശേരി). കൊച്ചുമകൾ: സാറാ ശോശാ കുറിയാക്കോസ് (യു.എസ്.എ). സഹോദരങ്ങൾ: തങ്കമ്മ കോര (മുണ്ടുകോട്ടയ്ക്കൽ), സണ്ണി കുര്യാക്കോസ്, എം. കെ. ഏബ്രഹാം, ഡോ. സാറാമ്മ മർക്കോസ് (കേളച്ചന്ദ്രാ), എം. കെ. ജേക്കബ്.



**സാം തോമസ് (36)**

**ഫ്ളോറിഡ:** കാറും ട്രക്കും ഇടിച്ചുണ്ടായ അപകടത്തിൽ യു.എസിൽ മലയാളി യുവാവ് മരിച്ചു. തിരുവല്ല കുറ്റപ്പുഴ എബനേസർ ചക്കാലേത്ത് പാസ്റ്റർ തങ്കച്ചൻ തോമസിന്റെ മകൻ സാം തോമസ് (36) ആണ് മരിച്ചത്. ഫ്ളോറിഡയിൽ നിന്നും ടാംബയിലേക്ക് കാറിൽ പോകുമ്പോൾ ട്രക്കുമായി ഇടിക്കുകയായിരുന്നു. എം.ബി.എ. കഴിഞ്ഞ് അവിടെ ജോലി ചെയ്യുകയായിരുന്നു സാം.

ഭാര്യ: തിരുവല്ല ആഞ്ഞിലിത്താനം പൂവക്കാല നടുവിലേമുറിയിൽ ജൂലി തോമസ്. മക്കൾ: ജെയ്ഡൻ, ജോനാഥാൻ. മാതാവ്: വൽസമ്മ തോമസ്. സഹോദരങ്ങൾ: പാസ്റ്റർ സ്റ്റാൻലി തോമസ്, ഷാരോൺ തോമസ്. സംസ്കാരം അവിടെ ഐ.പി.സി. ലേക്ക്ലാന്റ് സഭയുടെ ചുമതലയിൽ നടത്തി.

# ദൈവകൃപ ജീവിതത്തിൽ പ്രദർശിപ്പിക്കുക: റവ. തോമസ് ഫിലിപ്പ്

**പായിപ്പാട്:** ക്രിസ്തീയ ജിവിതത്തിന്റെ സമ്പൂർണ്ണവിജയത്തിന് അത്യന്താപേക്ഷിതമായിരിക്കുന്ന ദൈവകൃപയും ദൈവശക്തിയും ജീവിതത്തിൽ പ്രദർശിപ്പിക്കുന്നവരാകണമെന്ന് സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. 2018 ഫെബ്രുവരി 15 -18 വരെ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ട ജനറൽ കൺവൻഷൻ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു. മദ്ധ്യകേരളത്തിൽ കത്തിപടർന്ന പരിശുദ്ധാത്മാവിന്റെ അഗ്നിയാണ് ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് എന്നും പറഞ്ഞു. കർത്താവ് തന്റെ സഭയുടെ മേൽ നിരന്തരം പരിശുദ്ധാമാം എണ്ണ പകർന്നുകൊണ്ടിരിക്കുന്നതിനാൽ സഭയുടെ അഗ്നി കെട്ടുപോകയില്ലന്നും അതാണ് സഭയുടെ വിജയമെന്നും ഓർപ്പിച്ചു. 90 ശതമാനം ദൈവകൃപയും 10 ശതമാനം കഠിനാദ്ധ്വാനവും ഉണ്ടങ്കിൽ മാത്രമേ സഭ വളരുകയുള്ളു. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ആശ്വാസവും കൃപയും ലഭിക്കും. ദൈവം ആശ്വാസപ്രദനാണ്. ദൈവത്തിനുമാത്രമേ മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പൂർണ്ണപരിഹാരം വരുത്തുവാൻ കഴിയുകയുള്ളു. ദൈവത്തെ ദൈവമായി അംഗീകരിക്കാത്ത ഒരു വ്യക്തിക്കും ഹൃദയാന്തർഭാഗത്ത് ഒരിക്കലും സമാധാനം ഉണ്ടായിരിക്കില്ലെന്നും പറഞ്ഞു. ദൈവവചനപ്രവചനങ്ങൾ നിവർത്തിയാകുന്നത് കാണുമ്പോൾ പ്രതീക്ഷ കൈവിടാതെ ദൈവകൃപ ജീവിതത്തിൽ പ്രദർശിപ്പിച്ച് മുന്നേറുവാൻ കഴിയട്ടെ എന്നും ഓർപ്പിച്ചു.




ഡോ. ജെയ്സൺ തോമസ് അദ്ധ്യക്ഷത വഹിച്ച സമ്മേളത്തിൽ പാസ്റ്റർ വി.സി. യോഹന്നാൻ പ്രസംഗിച്ചു.

# സമർപ്പണശുശ്രൂഷ



പുതുക്കി പണികഴിപ്പിച്ച അടൂർ പാറക്കൂട്ടം ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്
സമർപ്പണ ശുശ്രൂഷ സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് നിർവ്വഹിച്ചു

# ട്രാൻസ്ഫോമേഴ്സ് വി.ബി.എസ്. സീസൺ – 2

മലയാള ക്രിസ്തീയ ചരിത്രത്തിൽ ആദ്യമായി 3ഡേ വി.ബി.എസ്. എന്ന ആശയവുമായി കഴിഞ്ഞ വർഷം നൂറുകണക്കിന് സഭകളിൽ ഒരു പുതു തരംഗമായി മാറുവാൻ ട്രാൻസ്ഫോമേഴ്സ് വിഷൻ ബിൽഡിംഗ് സ്കൂളിന് സാധിച്ചു. കേരളം, ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾ, വിദേശരാജ്യങ്ങളായ സിംഗപ്പൂർ, ആസ്ട്രേലിയ, യു.എ.ഇ., യു.എസ്. തുടങ്ങി അനേക ഇടങ്ങളിൽ ട്രാൻസ്ഫോമേഴ്സ് വി.ബി.എസ്. സംഘടിപ്പിക്കപ്പെട്ടു. എന്നാൽ പതിനായിരത്തിലധികം സഭകൾ ഉള്ള കേരളത്തിൽ വി.ബി.എസ്. നടത്തുന്ന സഭകൾ വളരെ കുറവാണ്. അതുകൊണ്ടുതന്നെ "എല്ലാ സഭകളിലും വി.ബി.എസ്" എന്ന ആശയവുമായി പരിമിതികൾ എല്ലാം കടന്ന് ഏറ്റവും കുറഞ്ഞ ചിലവിൽ ഏറ്റവും മികച്ച പാഠ്യപദ്ധതിയുമായി ഈ വർഷം ട്രാൻസ്ഫോമേഴ്സ് വി.ബി.എസ്. തയ്യാറിക്കഴിഞ്ഞു. ക്രിസ്തീയ വിശ്വാസത്തിന്റെ മഹാപ്രത്യാശയായ യേശുവിന്റെ രണ്ടാം വരവിനായി നാം എങ്ങനെ ഒരുങ്ങണമെന്ന് കുട്ടികളുടെ ഭാഷയിൽ പങ്കുവയ്ക്കുന്ന "ആകാശക്കൊട്ടാരം" (My Perfect Hope) ആണ് 2018 ലെ ചിന്താവിഷയം. ആവലാതികളും ഭയവുമില്ലാതെ നിറഞ്ഞ സ്നേഹത്തോടെ രാജാധിരാജാവായ യേശു കർത്താവിനെ എതിരേൽക്കുവാൻ കുട്ടികളെ ഒരുക്കുന്നതിന് ട്രാൻസ്ഫോമേഴ്സ് വി.ബി.എസ്. ഏറ്റവും മികച്ച ഒരു ഉപാധിയാണ് 3,5,7, ദിവസങ്ങൾ മുതൽ 3 വ്യത്യസ്ത പാഠ്യപദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്.

# • വൈവാഹികം •

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് (29. 172 cm, B. Sc നേഴ്സ്) 3 വർഷമായി ബാംഗ്ലൂരിലെ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9947843728, 85929 89771**

# ഈസ്റ്റേൺ റീജിയൻ പി.വൈ.പി.എ. ഭാരവാഹികൾ



**ന്യൂയോർക്ക്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ യുവജന സംഘടനയായ പി.വൈ.പി.എ.യുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഡിസംബർ 2 ശനിയാഴ്ച ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാഹാളിൽ നടന്ന വാർഷിക യോഗത്തിലാണ് 2018-20120 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഡോ. റോജൻ സാം (പ്രസിഡന്റ്), അലക്സ് ജോർജ് ഉമ്മൻ (വൈസ് പ്രസിഡന്റ്), പ്രയ്സൺ ജേക്കബ് (സെക്രട്ടറി), സിബിൻ വി. പീറ്റർ (ജോ. സെക്രട്ടറി), ജെഫ്രി മാത്യു (ട്രഷറർ), ഷേറാ തോമസ് (വി.ബി.എസ്. കോർഡിനേറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

സഹോദരന്മാരായ സിജു കോശി പി. വൈ. പി.എ. വാർഷിക റിപ്പോർട്ടും റോബിൻ വർഗീസ് സാമ്പത്തിക റിപ്പോർട്ടും, ബ്രദർ ജെയിംസ് വർഗീസ് സണ്ടേസ്കൂൾ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. റീജിയൻ പ്രസിഡന്റ് റവ. ഡോ. ഇട്ടി ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ കെ. വി. ഏബ്രഹാം എന്നിവർ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ വിൽസൻ വർക്കി, ബ്രദർ അലക്സ് ഉമ്മൻ, ബ്രദർ ജോൺസി തോമസ് എന്നിവർ പ്രസംഗിച്ചു.

01 **ഏ. ജി. മലയാളി മീഡിയ.....**

ഞ്ഞു. അടുത്ത രണ്ടുവർഷത്തെ ഭാരവാഹികളെയും സമ്മേളനത്തിൽ തെരഞ്ഞെടുത്തു. എൽ സാം, പാസ്റ്റർ ബാബു ജോർജ് പത്തനാപുരം എന്നിവർ അഡ്വൈസറി ബോർഡ് അംഗങ്ങളായി പ്രവർത്തിക്കും. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പാസ്റ്റർ ഡി.കുഞ്ഞുമോൻ പ്രസിഡന്റായും, പാസ്റ്റർ ഷാജി ആലുവിള വൈസ് പ്രസിഡന്റായും പാസ്റ്റർ പോൾ മാള സെക്രട്ടറിയായും, പാസ്റ്റർ ടി.വി.ജോർജുകുട്ടി, പാസ്റ്റർ സജി ചെറിയാൻ എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും, ജിനു വർഗീസ് ട്രഷററായും പാസ്റ്റർ കെ. കെ. ഏബ്രഹാം മീഡിയ കൺവീനറായും കെ. എൻ. റസൽ, ഷാജൻ ജോൺ ഇടയ്ക്കാട്, പാസ്റ്റർ സാം യു. ഇളമ്പൽ, പാസ്റ്റർ ജോൺ ഏബ്രഹാം എന്നിവർ മെമ്പേഴ്സായും പ്രവർത്തിക്കും. വിവിധ രാജ്യങ്ങളിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗങ്ങളായ മലയാളി എഴുത്തുകാരെയും മാധ്യമപ്രവർത്തകരെയും ഉൾപ്പെടുത്തി വിപുലമായ പ്രവർത്തക സമിതി രൂപികരിക്കാനും ഏപ്രിൽ മാസത്തിൽ അഗ്മയുടെ സമ്മേളനം നടത്താനും തീരുമാനിച്ചു.




MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 11, ISSUE 04

BELIEVERS JOURNAL

PUBLISHED ON 25/02/2018

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10

# എക്സൽ .... എക്സലന്റായി എന്നെന്നും....

പുത്തൻ തലമുറയെ 'ക്രിസ്തുവിൽ തികഞ്ഞ വരാക്കുക' (Excel in Christ) എന്ന ലക്ഷ്യത്തോടെ. 2007 ൽ ആരംഭിച്ച എശ്സൽ മിനിസ്ട്രീസ് പ്രവർത്തനങ്ങൾ ഇൻഡ്യയിലും വിദേശ രാജ്യങ്ങളിലേക്കും വ്യാപിച്ചു കഴിഞ്ഞു. പാസ്റ്റർ ബിനു ജോസഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ എന്നിവരാണ് ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്.

**വിബിഎസ്സുകൾ, യുവജന ക്യാമ്പുകൾ, ആരാധനകൾ, മ്യൂസിക് കൺസേർട്ട്, കൗൺസിലിംഗ് പ്രോഗ്രാമുകൾ**

തുടങ്ങിയ പരിപാടികളിലൂടെ ഇൻഡ്യയിലെ പ്രമുഖ പ്രവർത്ത നമായി ഇതു വളർന്നു കഴിഞ്ഞു. 2017-ൽ മാത്രം മൂന്ന് ലക്ഷത്തിലധികം കുഞ്ഞുങ്ങളും, 40000 അദ്ധ്യാപകരും 5000 ഡയറക്ടേഴ്സും എക്സൽ വിബിഎസ്സിൽ പങ്കെടുത്തു. പൂർണ്ണ സമയം എക്സൽ മിനിസ്ട്രീസിന്റെ ഭാഗമായി 25 പേരും, സ്വമേധാപ്രവർത്തകരായി നൂറിലധികം പേരും പ്രവർത്തിക്കുന്നു. വിശ്വാസം മാത്രം കൈമുതലാക്കി ആരംഭിച്ച പ്രവർത്തനങ്ങളെ ദൈവം ഇത്രത്തോളം വളർത്തി. 11 വർഷം കൊണ്ട് കേരളത്തിലെ മുഖ്യ വിബിഎസ് പ്രവർത്തനമായി എക്സൽ വളർന്നതിന്റെ പിന്നിലും ക്രൈസ്തവ നേതൃത്വത്തിന്റെയും ദൈവദാസൻ മാരുടെയും സഹകരണമാണ് ഉള്ളത്.

## എക്സൽ വിബിഎസ്

അവധിക്കാല ക്ലാസുകളി ലൂടെ ക്രമീകൃതമായ നവീനരീതി ഉപയോഗിച്ച് കുഞ്ഞു ങ്ങൾക്ക് സുവിശേഷം പകർന്നു നൽകുക എന്നതാണ് വിബിഎസ്സുകൊണ്ട് ഉദ്ദേശിക്കുന്നത്. ബൈബിൾ പാഠങ്ങളും, കഥകളും, പാട്ടുകളും, ഗെയിമുകളും എല്ലാം ഇതിന്റെ ഭാഗമായിട്ടുണ്ട്. 3 മുതൽ 10 ദിവസം വരെ നീണ്ടു നിൽക്കുന്ന ഈ വി.ബി.എസ്സ് കുഞ്ഞുങ്ങൾക്ക് ഉത്സാഹവും ആനന്ദവുമാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി,തെലുങ്ക് കന്നട എന്നീ ഭാഷകളിൽ സിലബസ്സുകൾ ലഭ്യമാണ്.

## എക്സൽ ക്ലബ്ബുകൾ

പ്രാദേശിക തലത്തിൽ യുവജനങ്ങളെ സംഘടിപ്പിച്ച് അവരെ ആത്മീയമായും സമൂഹികമായും വളർത്തിയെടുക്കുവാനുള്ള ലക്ഷ്യമാണ് എക്സൽ ക്ലബ്ബിനു ള്ളത്. *'ഉണർവ് പുത്തൻ തലമുറയിലൂടെ'* എന്ന സന്ദേശമാണ് ഇവരിലെത്തിക്കുന്നത്.

## എക്സൽ പബ്ലിക്കേഷൻസ്

കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി ആത്മീക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ ലഘുലേഖകൾ ഇവ പുറത്തിറക്കു ന്നു. ഇപ്പോൾ ഏകദേശം പന്ത്രണ്ടിലധികം ഗ്രന്ഥങ്ങളും ചില ബുക്ക്ലെ റ്റുകളും പുറത്തിറക്കിയിട്ടുണ്ട്.

## എക്സൽ മീഡിയ

എക്സൽ മീഡിയ ഇതുവരെ കുഞ്ഞുങ്ങൾക്കായി 12 വീഡിയോ സി.ഡി കളും 7 ഓഡിയോ സിഡികളും പുറത്തിറക്കിയിട്ടുണ്ട്. ടെലിഫിലിമുകൾ, ആനിമേഷൻ സി.ഡികൾ, പപ്പറ്റ് വീഡിയോ സിഡികൾ, അഭിനയഗാന വിസിഡികൾ ഇവയും പുറത്തിറക്കുവാനാഗ്രഹിക്കുന്നു.

## എക്സൽ അവയർനസ് മീഡിയ

വിദ്യാർത്ഥികളെ ശരിയായ പാതയിൽ ജീവിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകൾ, കോളേജുകൾ, എന്നിവിടങ്ങളിൽ അവയർനസ് ക്ലാസുകൾ, കൗൺസിലിംഗ്, കൂട്ടായ്മകൾ എന്നിവ നടത്തപ്പെടുന്നു. മദ്യം, പുകയില ഉല്പന്നങ്ങൾ, പാൻമസാല, എയ്ഡ്സ് തുടങ്ങിയ സാമൂഹിക വിപത്തുകൾക്കെതിരെ വിദ്യാർത്ഥികളിൽ അവബോധം വരുത്തുന്നു.

## എക്സൽ ഹോപ്പ്

നിർധനരായ കുട്ടികളെ സമ്പത്തികമായി സഹായിക്കുന്ന പ്രവർത്തനമാണ് എക്സൽ ഹോപ്പ്. 9 ശാഖകളിലായി എകദേശം 105 ൽ അധികം കുട്ടികൾ ഇതിന്റെ ഭാഗമായുണ്ട്.





കഴിഞ്ഞ വർഷങ്ങളിൽ ഇംഗ്ലീഷ് സിലബസ് ഉപയോഗിച്ച്, ദോഹ, കുവൈറ്റ്, സിംഗപ്പൂർ, ഓസ്ട്രേലിയ, കാനഡ, മസ്കറ്റ്, ഷാർജ, ഇംഗ്ലണ്ട്, തുടങ്ങിയ രാജ്യങ്ങളിൽ വി. ബി. എസ്സുകളും യൂത്ത്ഫെസ്റ്റും നടന്നു. ആദിവാസി മെഖലകൾക്കായി സൗജന്യ വിബിഎസ്സ് കിറ്റുകളും ലഭ്യമാണ്. ഏകദേശം 100 കുട്ടികൾ പങ്കെടുക്കുന്ന വിബിഎസ്സിന് 10000 രൂപയോളം ചെലവ് വരും.


**വെറും 900 രൂപക്ക്**




നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് വി ബി എസ്സ് കിറ്റ് 900 രൂപക്ക് ലഭിക്കുന്നു. വേഗമാകട്ടെ....നിങ്ങളുടെ വി. ബി. എസ്സ് ഇന്നു തന്നെ ബുക്ക് ചെയ്യൂ...

**Ph:+91- 9495834994**
**9496325026**


### എക്സൽ വി.ബി.എസ്. ഡയറക്ടേഴ്സ് പരിശീലനങ്ങൾ - 2018

EXCEL VBS DIRECTORS TRAINING - 2018

| തീയതി | സ്ഥലം | പേര് | മൊബൈൽ |
|---|---|---|---|
| ഫെബ്രുവരി 22 | ചെറുപ്പുഴ, കണ്ണൂർ | പാസ്റ്റർ സാജൻ | 9961016946 |
| ഫെബ്രുവരി 23 | തളിപ്പറമ്പ്, Highway Inn | പാസ്റ്റർ വിനോദ് | 9495082653 |
| ഫെബ്രുവരി 24 | കണ്ണൂർ,ബൈബിൾ ഭവൻ | റെജിനോൾഡ് | 9895423871 |
| ഫെബ്രുവരി 24 | അടിമാലി, 200 ഏക്കർചർച്ച് | പാ.ജെയിംസൺ | 9567244851 |
| മാർച്ച് 1 | വട്ടേക്കാട് | ജോയിസ്. | 9447561154 |
| മാർച്ച് 3 | അടൂർ, Vinyard Church | ഷിബു കെ.ജോൺ | 9447383899 |
| മാർച്ച് 3 | പാലക്കാട്, ശാരോൻ ചർച്ച്,ഒലവക്കോട് | പാ. സത്യൻ എ.എസ്സ് | 9605828744 |
| മാർച്ച് 2,3 | തൃശ്ശൂർ മണ്ണുത്തി,ഹാർവസ്റ്റ് ബൈബിൾ കോളേജ് | പാ. അഭിലാഷ് | 9995227378 |
| മാർച്ച് 3 | നിലമ്പൂർ,ഗത്സമന,ആനക്കല്ല് | പാ.കെ.സി.ജോസഫ് | 9497119129 |
| മാർച്ച് 5 | കല്ലടിക്കോട് | പാ. ബ്ലസ്സൻ പി. | 9387464752 |
| മാർച്ച് 5 | എറണാകുളം കഴുത്തുമുട്ടു | പാ.സോളമൻ | 8547577377 |
| മാർച്ച് 6 | കോതമംഗലം | പാ. എഫ്. ജെ. മാത്യു | 949645545 |
| മാർച്ച് 8 | ആലുവ AG ചർച്ച് | പാ.ജോൺ ജോസഫ് | 9447453635 |
| മാർച്ച് 9,10 | കഞ്ഞിക്കുഴി,IPCഫിലാദൽഫിയ. | ഷാജി ജോസഫ് | 9947669691 |
| മാർച്ച് 10 | പാല, MCC Church | പാ.ജോസ് | 9447671477 |
| മാർച്ച് 10 | വയനാട്, മാനന്തവാടി | പാ.ജെയ്സൺ | 9495030917 |
| മാർച്ച് 10 | പുനലൂർ YMCA Hall | ജസ്റ്റിൻ | 9539014820 |
| മാർച്ച് 12 | മീനങ്ങാടി | പാ.കുരിയാക്കോസ് | 9497157132 |
| മാർച്ച് 12 | ചങ്ങനാശ്ശേരി | പാ. പീറ്റർ | 9495368114 |
| മാർച്ച് 12,13 | നെടുമങ്ങാട് | പാ.സ്റ്റുവർട്ട് | 9947488279 |
| മാർച്ച് 14 | കൊല്ലം ഔൺ ചർച്ച് ഓഫ് ഗോഡ് | സാംസൺ ആർ.എം | 9495964095 |
| മാർച്ച് 14,15 | തിരുവനന്തപുരം ഷാലോം ടവർ (Medical College) | സുമേഷ് സുകുമാരൻ | 9567885774 |
| മാർച്ച 16,17 | നെയ്യാറ്റിൻകര ഔൺ ഹാൾ | കിരൺ കുമാർ | 9746818422 |
| മാർച്ച് 17 | കുന്നംകുളം | ബെൻസൺ | 9526677871 |
| മാർച്ച് 17 | മൂവാറ്റുപുഴ MCC Hall | പാ. ബിനു | 9495834994 |
| മാർച്ച് 19 | കാട്ടാക്കട, CMI Church | പാ. രജു, സത്യദാസ്, | 9744350320, 9848042448 |
| മാർച്ച് 19 | ഉടുമ്പന്നൂർ,Praise Centre Church | പാ.ജോബിൻസ് | 9495023466 |
| മാർച്ച് 21 | പത്തനാപുരം | പാ.ജോൺസൻ | 9539827918 |
| മാർച്ച് 23,24 | മാരാമൺ, Marthoma Retreat Centre | ബെൻസൺ | 9526677871 |
| മാർച്ച് 24 | കൊട്ടാരക്കര | പാ. രജു. | 9847011061 |
| മാർച്ച് 24 | കട്ടപ്പന, AG ചർച്ച് | ബ്ലസ്സൻ | 9847652757 |
| മാർച്ച് 29 | ഗൂഡലൂർ , Mankuzhy | ബ്ലസ്സൻ | 8110060097 |

For Booking VBS : **9495834994, 9496325026**


**നിങ്ങൾക്കും പങ്കാളിയാകാം**

നിങ്ങളുടെ സഭയിലോ ചുറ്റുപാടിലോ ഒരു വിബിഎസ്സ് നടത്തുക. ഒരു വിബിഎസ്സ് ഡയറക്ടറായി നിങ്ങൾക്കും പോകാൻ കഴിയും. മാതാപിതാക്കൾ, സണ്ടേസ്കൂൾ അദ്ധ്യാപകർ, വിബിഎസ്സ് ഡയറക്ടേഴ്സ് എന്നിവർക്കായി പ്രത്യേക പരിശീലനപരിപാടികൾ നടത്തുന്നു.

**Ph: +91 - 9495834994, +91 - 9496325026**

## EXCEL SCHOOL OF CHILD EVANGELISM (ESCE)

**എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം**

(Training wing of Excel Ministries, Pathanamthitta)

Empowering... Edifying ... Equipping





**കുഞ്ഞുങ്ങളുടെ ഇടയിലെ സുവിശേഷീകരണ പരിശീലനം**

**കോഴ്സുകൾ**

1. ഡിപ്ലോമ ഇൻ ചൈൽഡ് ഇവാഞ്ചലിസം (DCE)
(താമസിച്ചു പഠിക്കുന്ന കോഴ്സ്. 1. വർഷം.)
യോഗ്യത: പ്ലസ് ടു / തത്തുല്യം
2. സർട്ടിഫിക്കറ്റ് ഇൻ ചൈൽഡ് ഇവാഞ്ചലിസം (CCE)
1. വർഷം. എക്സ്റ്റൻഷൻപ്രോഗ്രാം
നിങ്ങളുടെ പ്രാദേശിക സഭകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം
മാസത്തിൽ ഓരോ ക്ലാസ്സുകൾ, യോഗ്യത: പത്താം ക്ലാസ്സ്/ തത്തുല്യം

**പ്രത്യേകതകൾ**

+ പ്രഗത്ഭരും പരിചയ സമ്പന്നരുമായ അദ്ധ്യാപകർ + പപ്പറ്റ്, മാജിക്, ശിശു മനശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്ക് പ്രായോഗിക പാഠത്തോടു കൂടിയ മോഡ്യൂൾ, + പ്രാക്ടിക്കൽ മിനിസ്ട്രിക്ക് പ്രാധാന്യം, + ഇംഗ്ലീഷ്-ഹിന്ദി ഭാഷാ പരിശീലനം + IATA അംഗീകാരമുള്ള സർട്ടിഫിക്കറ്റ്. + പരിശീലനാനന്തരം എക്സൽ വി. ബി. എസ്സിൽ ചേർന്ന് പ്രവർത്തിക്കുവാൻ അവസരം, + ചുരുങ്ങിയ ഫീസ് മാത്രം

നിങ്ങളുടെ സഭയിലോ/ പ്രദേശത്തോ ESCE എക്സ്റ്റൻഷൻ ക്ലാസ്സുകൾ നടത്തുവാൻ താത്പര്യപ്പെടുന്നു എങ്കിൽ വിളിക്കുക.

9495834994, 9744325604, 9447383899

for application and more details contact:
Principal
EXCEL SCHOOL OF CHILD EVANGELISM
Thekkemala P O, Pathanamthitta Dist, Kerala
9495834994, 9447383894
email: excelministries@gmail.com, Web: www.excelministries.org

**ഇന്നു തന്നെ ഞങ്ങളുമായി ബന്ധപ്പെടുക**

ഈ പ്രവർത്തനങ്ങളിൽ പൂർണ്ണമായോ, ഭാഗികമായോ, പങ്കാളിയാകുവാനോ, വി.ബി.എസ്സുകളോ, യുവജനപ്രോഗ്രാമുകൾ നടത്തുവാൻ താല്പര്യമുള്ളവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Excel Ministries
P.B.No.82 ,
Pathanamthitta P.O.
Kerala-689645,
e-mail:
excelvbs@gmail.com,
Ph:+91- 9495834994,
9496325026,
www.excelministries.org


Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.